## അല്ലാഹുവിന്റെ വചനം

وَلِلّٰہِ الۡمَشۡرِقُ وَالۡمَغۡرِبُ ٭
فَاَیۡنَمَا تُوَلُّوۡا فَثَمَّ وَجۡہُ اللّٰہِ ؕ
اِنَّ اللّٰہَ وَاسِعٌ عَلِیۡمٌ

(سورۃ البقرہ :116)

കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാകുന്നു. നിങ്ങളെവിടെ തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്. നിശ്ചയമായും അല്ലാഹു വിശാലതനല്കുന്നവനും സർവജ്ഞനുമാകുന്നു.

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10

ലക്കം 29

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂലൈ 17 • ഹി.ശം 1404 വഫാ 17 • ഹി:ഖ 1446 മുഹർറം 21

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സർവ ശക്തനായ ദൈവത്തിനോടു ഞാൻ നന്ദി പറയുന്നു.**
**മുസ്‌ലിമീങ്ങൾ മാത്രമല്ല ലോകത്തുള്ള എല്ലാ ജനതകളും എന്റെ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാണ്.**
**ഇതിനെല്ലാം അല്ലാഹുവിനെ സ്തുതിക്കുന്നു. ഫ അൽഹംദുലില്ലാഹി അലാ ദാലിക്**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 114**: പ്ലേഗ് വ്യാപിക്കുന്നതിനെ സംബന്ധിച്ച് എനിക്ക് ഇൽഹാമുണ്ടായി: **അൽ അംറാളു തുശാഉ വന്നുഫൂസു തുളാഉ** അതായത് 'രോഗങ്ങൾ വ്യാപിപ്പിക്കപ്പെടും. ജീവിതങ്ങൾക്ക് നഷ്ടമുണ്ടാകും.' പ്ലേഗ് പൊട്ടിപുറപ്പെടുന്നതിനും ദീർഘകാലം മുമ്പേ ഞാൻ ഈ ഇൽഹാം അൽഹക്കം അൽബദ്ർ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നത് ആർക്കും പരിശോധിക്കാവുന്നതാണ്. അതിനുശേഷം പഞ്ചാബിൽ എത്രമാത്രം ശക്തമായി പ്ലേഗ് പടർന്നുപിടിച്ചെന്നാൽ ആയിരക്കണക്കിന് വീടുകൾ മരണംകൊണ്ട് ശൂന്യമായിപ്പോയി.

ദൃഷ്ടാന്തം 115: സിറാജെ മുനീർ എന്ന കൊച്ചു ഗ്രന്ഥത്തിൽ പ്ലേഗ് പൊട്ടിപ്പുറപ്പെടുന്നതിനെ ക്കുറിച്ചുള്ള ഒരു പ്രവചനമുണ്ട്: "**യാ മസീഹൽ ഖൽഖി അദ്‌വാനാ** സൃഷ്ടികൾക്കുവേണ്ടി അയക്കപ്പെട്ട നമ്മുടെ മസീഹേ! നമ്മുടെ പ്ലേഗിനെ അറിഞ്ഞിരിക്കുക."

ഇതിനുശേഷം അതിശക്തമായ നിലയിൽ പ്ലേഗ് പടർന്നുപിടിച്ചു. ആയിരക്കണക്കിന് ദൈവദാസർ പ്ലേഗ് പിടിപെടുമോ എന്ന ഭയത്താൽ എന്റെയടുത്ത് ഓടിവന്നു; അവരുടെ നാവിൻതുമ്പിൽ "**യാ മസീഹൽ ഖൽഖി അദ്‌വാനാ** എന്ന വാക്യമുണ്ടായിരുന്നതുപോലെ. ഈ പ്രവചനം സിറാജെ മുനീർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരുന്നതുപോലെ നൂറുക്കണക്കിനാളുകൾക്ക് അതു പുലരുന്നതിനുമുമ്പേ അറിയിക്കപ്പെട്ടിരുന്നു.

**ദൃഷ്ടാന്തം 116**: ഒരിക്കൽ സ്വുബ്ഹി നേരത്ത് അല്ലാഹുവിൽനിന്നുള്ള വഹി എന്റെ നാവിലൂടെ വരാൻ തുടങ്ങി; അബ്ദുല്ലാഹ് ഖാൻ ഡേറ ഇസ്മായീൽ ഖാൻ. മനസ്സിലാക്കിത്തന്നു, ഈ പേരുള്ള ഒരാൾ ഇന്ന് കുറച്ചു രൂപ അയക്കുന്നതായിരിക്കും. ഞാൻ വഹി അഥവാ ദൈവവെളിപാട് തുടർന്നുകൊണ്ടിരിക്കുന്നു എന്നതിനെ നിഷേധിക്കുകയും ഒരുപാട് കാര്യങ്ങൾ വേദങ്ങൾ മുഖേന അവസാനിച്ചുവെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന കുറച്ച് ഹിന്ദുക്കളോടു ഈ ദൈവികവെളിപ്പാടിനെ കുറിച്ചു പറഞ്ഞു. ഞാൻ വിവരിച്ചു:ഇന്ന് ഈ പണം വന്നില്ലെങ്കിൽ ഞാൻ സത്യവാനല്ല. അവരിൽനിന്ന് ബ്രാഹ്മണജാതിക്കാരനായ ഹിന്ദുവും ഒരു വില്ലേജ് രജിസ്ട്രറുമായ ബിശൻ ദാസ് വിളിച്ചു പറഞ്ഞു: ഞാനിക്കാര്യം പരിശോധിക്കുന്നതാണ്; ഞാൻ തപാലാപ്പീസിൽപ്പോകുകയും ചെയ്യും. ആ ദിവസങ്ങളിൽ ഖാദിയാനിൽ തപാലെത്തുന്നത് ഉച്ചയ്ക്കുശേഷം 2 മണിക്കായിരുന്നു. അദ്ദേഹം പെട്ടെന്ന് തപാലാപ്പീസിൽ പോയി. വിവരം അറിഞ്ഞ് അത്ഭുതപ്പെട്ടുകൊണ്ട് മടങ്ങിവന്ന് യഥാർഥത്തിൽ ഡേറ ഇസ്മായീൽ ഖാനിൽ എക്സ്ട്രാ അസിസ്റ്റന്റായ അബ്ദുല്ലാഹ് ഖാൻ എന്നുപേരുള്ള ഒരാൾ കുറച്ചു പണം അയച്ചിട്ടുണ്ടെന്നുള്ള മറുപടി കൊണ്ടുവന്നു. അങ്ങേയറ്റം അത്ഭുതപ്പെട്ടിരുന്ന ആ ഹിന്ദു ആവർത്തിച്ചവർത്തിച്ച് ഇക്കാര്യം താങ്കളെ ആരാണ് അറിയിച്ചതെന്ന് എന്നോടു ചോദിച്ചു. അദ്ദേഹത്തിന്റെ മുഖത്ത് അത്ഭുതവും അമ്പരപ്പുമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു:'രഹസ്യങ്ങളറിയുന്നവനാണ് എന്നെ ഇക്കാര്യം അറിയിച്ചത്. ഞങ്ങളാരാധിക്കുന്ന ദൈവമാണത്.' തന്റെ ശക്തിയുടെ സാക്ഷ്യം എപ്പോഴും കാണിക്കുന്ന ജീവനുള്ള ദൈവത്തെപ്പറ്റി ഹിന്ദുക്കൾ ബോധമില്ലാത്തവരാണ്. ഇസ്‌ലാമിന്റെ സത്യത്തെ കുറിച്ചും അവർ അജ്ഞരാണ്. അതുകൊണ്ട് പൊതുവിൽപ്പറഞ്ഞാൽ ഹിന്ദുക്കൾ കേട്ടുടനെ ദൈവികാടയാളങ്ങളെ നിഷേധിക്കുന്നു. ഇനി ആരുടെയെങ്കിലും കൈകളാൽ ഗുപ്തമായ പ്രതിഭാസം കണ്ടാൽ അവർക്ക് അമ്പരപ്പും അത്ഭുതവുമാണുണ്ടാകുക. ഇതുതന്നെയാണ് ലാലശരംപത്തിന്റേയും അവസ്ഥ. ഞാൻ മുമ്പൊരിക്കൽപറഞ്ഞ പ്രകാരം അദ്ദേഹത്തിന്റെ സഹോദരൻ വിശ്വംഭർദാസും മറ്റൊരാളായ ഖുശാലും ചില കുറ്റങ്ങൾക്ക് ജയിലിലാക്കപ്പെട്ടു. എന്നോടുള്ള ബഹുമാനം കൊണ്ടല്ല, എന്നെ പരിശോധിക്കണമെന്നുദ്ദേശ്യത്തോടെ വിചാരണയുടെ ഫലമെന്തായിരിക്കുമെന്ന് എന്നോടു ചോദിച്ചിരുന്നു. അയാൾ പ്രാർഥിക്കാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ഞാനയാൾക്കുവേണ്ടി ദിവസങ്ങളോളം പ്രാർഥിച്ചു. ഒടുവിൽ പരോക്ഷമായ കാര്യങ്ങളറിയുന്ന സർവ്വശക്തനായ ദൈവം രാത്രി എന്നെ അറിയിച്ചത് വിചാരണയ്ക്കുശേഷം വിശ്വഭർദാസിന്റെ തടവുശിക്ഷ പകുതിയായി കുറയുമെന്നാണ്. ഇതു ഞാൻ കണ്ടത് വെളിപാടുപരമായ ദർശനത്തിലാണ്. ഞാനെന്റെ സ്വന്തംകൈകൊണ്ട് അയാളുടെ തടവുകാലം പകുതിയാക്കി കുറച്ചു. എന്നാൽ, ഖുശാലിന് പൂർണമായും തടവനുഭവിക്കേണ്ടിവരുമെന്നും ഒരു ദിവസംപോലും കുറയുകയില്ലെന്നും വിശ്വംഭർദാസിന്റെ ശിക്ഷാ കാലാവധി പകുതിയായി കുറഞ്ഞത് പ്രാർഥനയുടെ ഫലംകൊണ്ടു മാത്രമാണെന്നും എനിക്കു മനസ്സിലായി. എന്നിരുന്നാലും രണ്ടുപേരിലാരും മോചിതരാകുകയില്ലെന്നും കേസ്സിന്റെ ഫയൽ ജില്ലകോടതിയിൽവരുമെന്നും മേൽ പ്രസ്താവിച്ച വിധമായിരുന്നു അതിന്റെ ഫലമെന്നും അറിഞ്ഞു. ഈ എല്ലാ കാര്യങ്ങളും പൂർത്തിയായപ്പോൾ ദൈവികശക്തിയിൽ ശരംപത്ത് അത്ഭുതപ്പെട്ടതും ഞാനോർക്കുന്നു. ഈ എല്ലാ കാര്യങ്ങളും പൂർത്തിയായിരിക്കുന്നത് താങ്കളുടെ സഭാഗ്യം കൊണ്ടാണെന്ന് പറഞ്ഞ് അയാൾ എനിക്കൊരു കത്തെഴുതി. പക്ഷേ, കഷ്ടമെന്നു പറയട്ടെ, ഇസ്‌ലാമിന്റെ പ്രകാശത്തിൽനിന്ന് അയാൾക്ക് ഫലമെടുക്കാൻ സാധിച്ചില്ല. ഇക്കാലത്ത് അയാളൊരു ആര്യസമാജക്കാരനായിരുന്നു. ഇവർ ഇസ്‌ലാമിലേക്ക് മാർഗദർനം നടത്തപ്പെടുന്നില്ലെന്ന് മാത്രമല്ല ഇവർ ഇസ്‌ലാമിനെ സത്യപ്പെടുത്തുമെന്ന് പ്രതീക്ഷിക്കാവതുമല്ല. ഒരാൾ സത്യത്തെ അനുകൂലിക്കണമെന്ന് വീമ്പിളക്കുന്നതല്ലാതെ ഒരിക്കലും അത് നടപ്പിൽ വരുത്തുന്നതല്ല. എന്നാലും ശരംപത്തിനെപ്പോലുള്ള ഒരു സാക്ഷി, ആവശ്യപ്പെട്ടാൽ സത്യത്തിന് സാക്ഷ്യം വഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അയാളുടെ ഭാഗത്തുനിന്ന് കള്ളസാക്ഷ്യമുണ്ടായാൽ അതയാളുടെ സന്താനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് പറഞ്ഞാലും കാര്യം അങ്ങനെത്തന്നെ. ഞാൻ നടത്തിയ നിരവധി പ്രവചനങ്ങൾക്ക് അയാൾ സാക്ഷിയാണ്. ആക്രമണത്തിനുള്ള ഒരു തന്ത്രമായിരിക്കാം. തനിക്കതൊന്നും ഓർമയില്ലെന്ന് അയാൾ നടിക്കുന്നു. അയാൾ കളവാണ് പറയുന്നതെങ്കിൽ തീർച്ചയായും ദൈവം അയാളെ ശിക്ഷിക്കും. ഇതും പ്രകടമാക്കപ്പെടുന്ന ഒരു ദൃഷ്ടാന്തമായിരിക്കും. വ്യക്തമായ 9 ദൃഷ്ടാന്തത്തിന് അയാൾ സാക്ഷിയാണ്. സർവ ശക്തനായ ദൈവത്തിനോടു ഞാൻ നന്ദി പറയുന്നു. മുസ്‌ലിമീങ്ങൾ മാത്രമല്ല ലോകത്തുള്ള എല്ലാ ജനതകളും എന്റെ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാണ്. ഇതിനെല്ലാം അല്ലാഹുവിനെ സ്തുതിക്കുന്നു. **ഫ അൽഹംദുലില്ലാഹി അലാ ദാലിക്**

ശേഷം പേജ് 9 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**"നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവനിച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടംവരും. അല്ലാഹു ഇച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. അതിനുശേഷം നബിﷺതിരുമേനി മൗനമവലംബിച്ചു."(അൽഹദീഥ്)**

**നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിക്കൊണ്ടിരിക്കും.**

**"ഞാനെന്റെ ജമാഅത്തിനെ അറിയിക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: ഭൗതികതയുടെ കലർപ്പില്ലാത്ത സത്യവിശ്വാസം, കാപട്യവും, ഭീരുത്വവുംകൊണ്ട് പൊടിപുരളാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞു പോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. ഇവരുടെ പാദങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണെന്ന് അല്ലാഹു പറയുന്നു." (ഹദ്റത്ത് മസീഹ് മൗഊദ് ؑ)**

**അതിനാൽ നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുകയും ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുന്നതിനുവേണ്ടി എല്ലാ ത്യാഗങ്ങൾക്കും തയ്യാറായിരിക്കുകയും ചെയ്യുക. ഇങ്ങനെ നമ്മൾ ചെയ്തുകൊണ്ടിരുന്നാൽ ഖിയാമത്തുന്നാൾവരെ നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കും. നമ്മുടെ തലമുറകളും ബന്ധപ്പെട്ടിരിക്കും. അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കും.**

**കാലത്തിന്റെ ഖലീഫ രാത്രിയിലെഴുന്നേറ്റ് തന്റെ നമസ്കാരങ്ങളിൽ ജമാഅത്തിലെ അംഗങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നു. ഇങ്ങനെ പ്രവർത്തിക്കുന്ന ഏതെങ്കിലും രാജാവുണ്ടോ?**

**അല്ലാഹു ഖിലാഫത്ത് തുടർന്നുകൊണ്ടുപോകുന്നതിനും അതിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനും നമ്മളെ ഉപദേശിച്ചിരിക്കുന്നു. ആരാണോ ഈ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നത് അവർ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുക. അവരുടെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുക.**

**അല്ലാഹുവിനോടുള്ള ആരാധന എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. കാരണം അല്ലുഹുവിനെ എപ്പോഴും ഓർത്തു കൊണ്ട് അവനെ പിരപൂർണമായി പിൻപറ്റുന്നവരാണ് അവനെ ആരാധിക്കുന്നവർ.**

**എപ്പോഴും ഓർക്കുക!അഹ്മദിയ്യ ഖിലാഫത്തുമായി ബന്ധിപ്പിക്കുന്നതിലൂടെ മാത്രമാണ് ഇനി ലോകത്തിന്റെ നിലനിൽപ്പ്. അല്ലാഹു നബിﷺതിരുമേനിയോടു വാഗ്ദാനം ചെയ്തതിന്റെ തുടർച്ചയാണ് അഹ്മദിയ്യ ഖിലാഫത്തുവ്യവസ്ഥിതി.**

**അഹ്മദിയ്യ ഖിലാഫത്ത് അല്ലാഹുവിലേക്ക് നമ്മെ കൊണ്ടുച്ചെന്നെത്തിക്കുന്ന ഒരു കണ്ണിയാണ്.**

**ഖിലാഫത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും, അതുമായി ബന്ധപ്പെട്ട ദൈവിക സഹായങ്ങളുടെ വിജ്ഞാനഭരിതമായ വിവരണവും.**

**ബഹുമാനപ്പെട്ട കേണൽ ഡോക്ടർ പീർ മുഹമ്മദ് മുനീർ സാഹിബ്, കാനഡയിലെ മുറബ്ബി സമീയുള്ള സാഹിദ് സാഹിബിന്റെ ഭാര്യ സലീമ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.**

**ഖുത്ബ ജുമുഅ 2025 മെയ് 30, 1404 ഹിജ്റത്ത് 30, മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായിട്ട് 117 വർഷം പിന്നിട്ടിരിക്കുന്നു. 1908-ൽ ഈ വ്യവസ്ഥിതി നിലവിൽ വന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളും നബിﷺതിരുമേനിയുടെ പ്രവചനങ്ങളുമനുസരിച്ചാണ് ഇത് സ്ഥാപിതമായത്. അതിനാൽ, അഹ്മദിയ്യാ ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹമാണിത്. കാരണം നമ്മൾ അല്ലാഹു പ്രവചനം ചെയ്ത അത്തരമൊരു വ്യവസ്ഥിതിയുടെ ഭാഗമായിരിക്കുന്നു. മസീഹിന്റേയും മഹ്ദിയുടേയും ആഗമനത്തിനുശേഷം ഇസ്ലാമിന്റെ പുനരുത്ഥാനത്തിന്റെ ഒരു കാലഘട്ടം ആരംഭിക്കുമെന്ന് അല്ലാഹു പ്രവചിച്ചിരുന്നു. പിന്നീട് ഈ വ്യവസ്ഥിതിയിൽ ഖിലാഫത്തിന്റെ ഒരു കാലഘട്ടവും ആരംഭിക്കുമെന്നും പറഞ്ഞു. അതിനെക്കുറിച്ച് നബിﷺതിരുമേനി വളരെ വ്യക്തമായി പ്രവചിക്കുകയും ചെയ്തിരുന്നു:

അവിടന്ന് പറഞ്ഞു: "നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവനിച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടംവരും. അല്ലാഹു ഇച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നതുവരെ അതു നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. അതിനുശേഷം നബിﷺതിരുമേനി മൗനമവലംബിച്ചു."*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 6, പേജ് 285, ഹദീഥ് 18596,*

*ആലമുൽ കുതുബ് ബെയ്റുത്ത്)*

നബിﷺതിരുമേനിയുടെ ഈ പ്രവചനമനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാത്തു വസ്സലാം നിയുക്തനായ ശേഷം ഇസ്‌ലാമിന്റെ പുനരുദ്ധാനത്തിന്റെ ഒരു പുതിയ കാലഘട്ടം ആരംഭിച്ചു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഖിലാഫത്തിന്റെ കാലഘട്ടവും തുടങ്ങി.

ഞാനോതിയ വചനങ്ങളിൽ അല്ലാഹു പറയുന്നു: “നീ അവരോടു ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിന് പുറപ്പെടുന്നതാണെന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക,‘നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണ നിലയിൽ അറിയപ്പെട്ട അനുസരണമാണ്(ഞാൻ ആവശ്യപ്പെടുന്നത്). തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു.

പറയുക. അല്ലാഹുവിനെ അനുസരിക്കുക;(അവന്റെ)ദൂതനേയും അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതുമാത്രമെ അദ്ദേഹത്തിന് ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശമെത്തിക്കുകയല്ലാതെ ദൈവദൂതന് വേറെയൊരു ബാധ്യതയുമില്ല.

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്;എന്നോടു മറ്റൊന്നിനേയും അവർ പങ്കു ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.

നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.”(24:54-57)

ഞാൻ തിലാവത്തു ചെയ്ത ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നത്, അല്ലാഹു മുസ്‌ലിമീങ്ങളോടു നിങ്ങളിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നാണ്. ഖുലഫാഉർറാശിദീങ്ങളുടെ കാലഘട്ടം 30 വർഷം നീണ്ടുനിന്നു. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനം 30 വർഷത്തേക്കല്ലായിരുന്നു. പ്രത്യുത ഇതൊരു സമ്പൂർണ വാഗ്ദാനമായിരുന്നു. ഇതിനെക്കുറിച്ച് നബിﷺതിരുമേനി വിശദീകരിച്ചിട്ടുണ്ട്. ഞാൻ വായിച്ച ഹദീഥിലുള്ളതുപോലെ, ആദ്യം പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത്, പിന്നീട് രാജാധിപത്യം, അതിനുശേഷം സ്വേച്ഛാധിപത്യപരമായ രാജാധിപത്യം, പിന്നീട് മസീഹ് മൗഊദിന്റെﷺകാലഘട്ടത്തിൽ പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും. അതിനാൽ ഇക്കാര്യം അഹ്മദികളെന്ന നിലയിൽ നമ്മൾ ഓർക്കേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്ﷺനെ വിശ്വസിച്ചതിലൂടെ അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ട്. ഈ പ്രതിജ്ഞയുടെ ഒരു നിബന്ധന നമ്മളെപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ട് നിൽക്കുമെന്നതാണ്. അല്ലാഹു ഇതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയും ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. നബിﷺതിരുമേനിയുടെ നിർദ്ദേശവും ഇതുതന്നൊണ്. അതിനാൽ, നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിക്കൊണ്ടിരിക്കും. എന്നാൽ, ഇതിനും നിബന്ധനകളുണ്ട്. മുകളിൽപ്പറഞ്ഞ സൂക്തങ്ങളിൽ അല്ലാഹു അതാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ, ആ നിബന്ധനകൾ പാലിക്കേണ്ടതും നമ്മുടെ നിർബന്ധകടമയാണ്.

ഈ നിബന്ധനകളെക്കുറിച്ച് വിശദീകരിക്കുന്നതിനുമുമ്പേ ഖിലാഫത്ത് തുടർന്നുകൊണ്ടിരിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് ﷺപറഞ്ഞിട്ടുള്ളത് ഞാൻ കേൾപ്പിക്കാം. അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് ﷺ പറയുന്നു:

“ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തിപ്രഭാവങ്ങളാണ് അല്ലാഹു വെളിപ്പെടുത്തുന്നത്. (1) ഒന്നാമത്തേത് നബിമാരുടെ കരങ്ങളിലൂടെ അല്ലാഹു സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. (2) രണ്ടാമത്തേത് നബിയുടെ വഫാത്തിനുശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും അങ്ങനെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥൈര്യം ചോർന്ന് പോവുകയും, പല നിർഭാഗ്യവാന്മാരും മുർത്തദ്ദാവാനുള്ള (മതനിരാസം) വഴി അവലംബിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽക്കൂടി വെളിപ്പെടുത്തിക്കൊണ്ട് വീഴാൻപോകുന്ന ജമാഅത്തിനെ താങ്ങിയെടുത്ത് സംരക്ഷിക്കുന്നു. അതിനാൽ അന്ത്യംവരെ സഹനം കൊള്ളുന്നവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിؓന്റെ കാലത്ത് സംഭവിച്ചതുപോലെ, ഹദ്റത്ത് മുഹമ്മദു മുസ്തഫാﷺതിരുമേനിയുടെ വേർപാട് അകാലത്തുണ്ടായ ഒരു വേർപാടായിരുന്നുവെന്നു മനസ്സിലാക്കപ്പെടുകയും ദുഃഖഭാരത്താൽ സ്വഹാബിമാർ പരിഭ്രാന്തരാവുകയും ഗ്രാമീണരായ ധാരാളമാളുകൾ ഇസ്‌ലാംമതമുപേക്ഷിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിؓനെ എഴുന്നേൽപ്പിച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും **വലയുമക്കിനന്നലഹും ദീനഹുമുല്ലദിർത്തളാ ലഹും വലയുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ** എന്ന ഖുർആൻ വചനത്തിൽ പറഞ്ഞ പ്രകാരം “ഭയത്തിനുശേഷം നാം അവരുടെ കാൽപാദങ്ങളെ സുദൃഢമാക്കുന്നു”എന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കിക്കാണിച്ചു. ഇങ്ങനെ തന്നെയാണ് ഹദ്റത്ത് മൂസാനബിﷺയുടെ കാലത്തും സംഭവിച്ചത്. വാഗ്ദാനപ്രകാരമുള്ള ലക്ഷ്യസ്ഥാനത്ത് ബനുഇസ്റാഈല്യരെ എത്തിക്കുന്നതിനു മുമ്പേത്തന്നെ ഹദ്റത്ത് മൂസാﷺ ഈജിപ്റ്റിന്റെയും ഫലസ്തീനിന്റെയും മാർഗ മധ്യേ വഫാത്തായി. ആ മഹാത്മാവിന്റെ വിയോഗം ഇസ്റായീൽ മക്കളിൽ വലിയ ദുഃഖഭാരമുളവാക്കി.”

ഹദ്റത്ത് മസീഹ് മൗഊദ് ﷺ പറയുന്നു:“അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർഥങ്ങളായ രണ്ടു ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. ആയതിനാൽ ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭാവ്യമല്ല. അതുകൊണ്ട് ഞാൻ നിങ്ങളോടു വിവരിച്ച ഈ കാര്യങ്ങൾകാരണം നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരുമാകരുത്. എന്തെന്നാൽ, നിങ്ങൾ രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടത് അനിവാര്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്! എന്തുകൊണ്ടെന്നാൽ അതു ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരാൻ സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. “ബറാഹീനെ അഹ്മദിയ്യാ”യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അതെപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും.

ഇവിടേയും ഹദ്റത്ത് മസീഹ് മൗഊദ്ﷺമുകളിൽ പറഞ്ഞ ഹദീഥിന്റെ വെളിച്ചത്തിൽ സ്ഥായിയായ ഒരു ദിവ്യശക്തി പ്രകടനത്തെക്കുറിച്ചാണ് പറയുന്നത്. അതിന്റെ ശൃംഖല ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകാത്തതാണ്. പറയുന്നു:

“ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരാൻ സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. “ബറാഹീനെ അഹ്മദിയ്യാ”യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അതെപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു “നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെമേൽ അന്ത്യദിനംവരെ ഞാൻ വിജയം നല്കുന്നതാണ്.” അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യസന്ധനും വിശ്വസ്തനും വാഗ്ദാന പാലകനുമാണ്. അവൻ വാഗ്ദാനം ചെയ്യുന്നതെന്തോ അതെല്ലാം നിങ്ങൾക്ക് പൂർത്തിയാക്കിക്കാണിക്കും. ഈ ദിവസം ലോകവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമറിയിച്ച കാര്യങ്ങല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുകതന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്.

ഞാൻ ദൈവികമായൊരു ശക്തിപ്രഭാവവുമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർഥനയിൽ നിരതരാവുക. കൂടാതെ ഈ രണ്ടാം ദിവ്യശക്തി ആകാ

ശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങളുടെ മരണം സമീപസ്ഥമാണെന്നകരുതിക്കൊള്ളുക.” *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 304-306)*

ഇവിടെ, ഹദ്റത്ത് മസീഹ് മൗഊദ്ؑ ഇങ്ങനേയും പറഞ്ഞിട്ടുണ്ട്: ‘രണ്ടാമത്തെ ദിവ്യശക്തിയുടെ വരവിനായി നിങ്ങളെല്ലാവരും ഒരുമിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുക, ഓരോ രാജ്യത്തും സദ്വൃത്തരായവരുടെ സമൂഹം ഒരുമിച്ച് പ്രാർഥനകൾ നടത്തുക.’ ഈ നിർദ്ദേശം അദ്ദേഹം നൽകുമ്പോൾ, അഹ്മദിയ്യ ജമാഅത്ത് ഇന്ത്യയിൽ അഥവാ ഹിന്ദുസ്താനിലാണുണ്ടായിരുന്നത്. ഏതാനും ചിലർ മാത്രമേ പുറത്തുണ്ടായിരുന്നുള്ളൂ. എന്നാൽ, ഈ പ്രവചനവും ഒരു രീതിയിൽ അദ്ദേഹം നടത്തി, അതായത് ഓരോ രാജ്യത്തും അവർ പ്രാർഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതായത്, ഭാവിയിൽ ഒരു കാലഘട്ടം വരും, അഹ്മദിയ്യ ജമാഅത്ത് ലോകമെമ്പാടും വ്യാപിക്കും. ഇന്ന് നമ്മൾ കാണുന്നത് ആ കാലഘട്ടമാണ്. അഹ്മദിയ്യ ജമാഅത്ത് ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു. ലോകത്തിന്റെ വിദൂര കോണുകളിലുള്ളവരിലും ഖിലാഫത്തിനോടുള്ള വിശ്വസ്തതയും സ്നേഹബന്ധവും നമുക്ക് കാണാൻ കഴിയുന്നു. അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിലും നിങ്ങളതു കണ്ടു. ലോകമെമ്പാടുമുള്ള ആളുകൾ എങ്ങനെ ഒത്തുചേർന്ന് ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് നിൽക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു. ഈ ബയ്അത്ത് ഇൻശാഅല്ലാഹ് ഭാവിയിലും നിലനിൽക്കുന്നതാണ്. അത് തുടർന്നുകൊണ്ടേയിരിക്കും. അതിനനുസരിച്ച് അല്ലാഹു തന്റെ അനുഗ്രഹങ്ങൾ നമ്മളിൽ ചൊരിഞ്ഞുകൊണ്ടിരിക്കും. കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇത് നബിﷺ തിരുമേനിയുടെ പ്രവചനമാണ്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്ؑ അല്ലാഹുവിൽനിന്ന് അറിവ് കരസ്ഥമാക്കിക്കൊണ്ട് നമുക്ക് നൽകിയ സന്തോഷവാർത്തയുടെ സന്ദേശവുമാണ്.

അതിനാൽ, നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുകയും ഖിലാഫത്ത് വ്യവസ്ഥിതി നിലനിറുത്തുന്നതിന് ഏതൊരു ത്യാഗത്തിനും തയ്യാറായിരിക്കുകയും വേണം. നമ്മളിത് തുടരുകയാണെങ്കിൽ, അന്ത്യനാൾവരെ നമ്മൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. നമ്മുടെ തലമുറകളും ബന്ധപ്പെട്ടിരിക്കുന്നതായിരിക്കും. അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനം നേടുകയും ചെയ്യും.

ചിലയാളുകൾ ധരിക്കുന്നത് അഹ്മദിയ്യ ജമാഅത്തും ‘ഖിലാഫത്തെമുലൂക്കിയ്യത്ത്’ അഥവാ രാജവാഴ്ചയിലേക്ക് മാറിയേക്കാമെന്നാണ്. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനവും, നബിﷺ തിരുമേനിയുടെ പ്രവചനവും, ഞാനോതിക്കേൾപ്പിച്ച ഹദീഥും പറയുന്നതും അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞതും അഹ്മദിയ്യാ ജമാഅത്തിലെ ഖിലാഫത്ത്, ഇൻശാഅല്ലാഹ്, ഒരു ആത്മീയ ഖിലാഫത്തായിരിക്കുമെന്നാണ്. അതിന്റെ പരമ്പര അന്ത്യനാൾവരെ തുടരുന്നതായിരിക്കും. അത് രാജവാഴ്ചയായി മാറിയെന്ന് പറയാൻ കഴിയുന്ന ഒരു കാലഘട്ടവും വരുകയില്ല. ചില പ്രശ്നക്കാരായ ആളുകൾ അഹ്മദിയ്യാ ജമാഅത്തിൽ രാജവാഴ്ച ഉണ്ടായിരിക്കുന്നുവെന്ന് പറയാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെയൊരിക്കലും സംഭവിക്കുകയില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇൻശാ അല്ലാഹ്. എപ്പോഴും ഇതൊരു ആത്മീയ ഖിലാഫത്തായി നിലനിൽക്കുന്നതായിരിക്കും. മുൻഗാമികളിൽ ഖിലാഫത്ത് സ്ഥാപിതമായതുപോലെ നിങ്ങളിലും ഖിലാഫത്ത് സ്ഥാപിതമാകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ആ ഖിലാഫത്ത് രാജവാഴ്ചയുടേതായിരുന്നില്ല, പ്രത്യുത ആത്മീയതയുടേതായിരുന്നു. അതിന് അല്ലാഹു ഉദാഹരണം നൽകിയിട്ടുമുണ്ട്. വിശുദ്ധ ഖുർആനിലും നബിമാരുടെ ചരിത്രങ്ങളിലും നിന്ന് നമുക്ക് മനസ്സിലാകുന്നത് അല്ലാഹു നേരിട്ട് നൽകിയ ഖിലാഫത്ത് വ്യവസ്ഥിതിയായിരുന്നു അതെന്നാണ്. എന്നാൽ, അല്ലാഹു ഉണ്ടാക്കിയിട്ടുള്ള മറ്റൊരു വ്യവസ്ഥിതിയുമുണ്ട്, അത് ഖുലഫാഉർറാശിദീന്റെ കാലം മുതൽ ആരംഭിക്കുകയും ഇന്നുവരെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബുംؓ ഈ വിഷയത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം, ഒരു കാലത്ത് രാജവാഴ്ചാ സമ്പ്രദായം വന്നേക്കാം എന്നായിരുന്നു. ഇത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓ അറിഞ്ഞപ്പോൾ, അദ്ദേഹം അതിനെ ശക്തമായി ഖണ്ഡിക്കുകയും നിഷേധിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ‘ആത്മീയതയും തഖ്വയും നിലനിൽക്കുവോളംകാലം അഹ്മദിയ്യാ ജമാഅത്തിൽ രാജവാഴ്ച ഉണ്ടാകുകയില്ല. ഇൻശാ അല്ലാഹ്.’ *(അൽഫള്ൽ 1952 ഏപ്രിൽ 3 പേജ് 3)*

ഇത് ഇൻശാഅല്ലാഹ് നിലനിൽക്കുന്നതായിരിക്കും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്ؑന് നൽകിയ വാഗ്ദാനങ്ങൾ, അദ്ദേഹം തന്നെ പറഞ്ഞതുപോലെ അതു പൂർത്തിയാകുന്നതുവരെ അഹ്മദിയ്യ ജമാഅത്തിൽ അവിടത്തെ ഖിലാഫത്തിന് ദോഷം വരുത്തുന്നതോ നഷ്ടം വരുത്തുന്നതോ ആയ ഒരു വ്യവസ്ഥിതിയും വരുകയില്ല. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഖിലാഫത്തിന്റെ സ്ഥാനം മനസ്സിലാക്കുകയും ഖിലാഫത്തിനോടു പൂർണ വിശ്വസ്തതയോടെ ബന്ധപ്പെട്ടിരിക്കുകയും ചെയ്ത വ്യക്തിയായിരുന്നു. അതുകൊണ്ട്, അതിനുശേഷം സ്വന്തമായി ഒരു അഭിപ്രായം ഉണ്ടാകുന്ന പ്രശ്നമേ ഉണ്ടായിരുന്നില്ല. മറിച്ച്, അദ്ദേഹം പറയാറുണ്ടായിരുന്നു, ‘ഞാനേതെങ്കിലും വിഷയത്തിൽ ഒരു അഭിപ്രായം വെക്കുകയും, ഖലീഫത്തുൽ മസീഹ് അതിനെതിരെ ഒരു തീരുമാനമെടുക്കുകയും, അദ്ദേഹത്തിന്റെ അഭിപ്രായം വ്യത്യസ്തമാവുകയും ചെയ്താൽ, എന്റെ സ്വന്തം അഭിപ്രായം എന്ന ഒരു ചിന്തപോലും എന്റെ മനസ്സിൽ വന്നിട്ടില്ല.’ ഇതായിരുന്നു പരിപൂർണ്ണമായ വിശ്വസ്തത. എന്തായാലും, ഇക്കാര്യത്തിലും നമുക്ക് അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരിക്കണം, അതായത് ഖിലാഫത്ത് വ്യവസ്ഥിതി അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ ഇഷ്ടത്തിനനുസരിച്ച് സ്ഥാപിക്കപ്പെട്ടതും അതിനനുസരിച്ച് മുന്നോട്ടു പോകുന്നതുമായ ഒരു വ്യവസ്ഥിതിയാണ്. അല്ലാതെ ഒരു തരത്തിലുള്ള ഭൗതിക രാജവാഴ്ചയും അതിൽ വരുകയില്ല. നിലവിലെ ഖലീഫത്തുൽമസീഹ് രാത്രികളുടെ യാമങ്ങളിലെഴുന്നേറ്റ് നമസ്കരിച്ച് ജമാഅത്തിലെ അംഗങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു. ഏതെങ്കിലും രാജാവ് ഇങ്ങനെ ചെയ്യുന്നവരായിട്ടുണ്ടോ?

അതുകൊണ്ട്, ഇക്കാര്യം നമ്മൾ ഓർമിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് വിജയിക്കാൻ കഴിയുകയുള്ളൂ. ‘ഇത് അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവർക്ക് ലഭിക്കും’ എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്, അതുകൊണ്ട്, നമ്മളിൽ നിന്ന് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾ അനുസരിക്കുന്നവർക്ക് ഈ വാഗ്ദാനത്തിൽ നിന്ന് പങ്കും ലഭിച്ചുകൊണ്ടേയിരിക്കും. അല്ലാത്തവർ വേർപെട്ടുപോകും. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനം, ഇൻശാ അല്ലാഹ്, ഒരിക്കലും നീങ്ങിപ്പോകുകയില്ല. അല്ലാഹു പറഞ്ഞിട്ടുണ്ട്: **വ ഇൻ തുത്വീഊഹു തഹ്തദൂ** (24:55) നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗം പ്രാപിക്കുകയും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വീണ്ടും അല്ലാഹു പറഞ്ഞിരിക്കുന്നു:

**വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി** നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരോടു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. വിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും മാനദണ്ഡം ആദ്യത്തെ ആയത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നിങ്ങളുടെ കഴുത്തിൽ സമ്പൂർണമായ അനുസരണത്തിന്റെ നുകം കെട്ടിവെച്ചാൽ മാത്രമേ നിങ്ങൾ യഥാർഥ മുഅ്മിൻ എന്ന് വിളിക്കപ്പെടാൻ അർഹരാകുകയുള്ളൂ. അപ്പോൾ മാത്രമേ സൽക്കർമങ്ങൾ ചെയ്യാനുള്ള ശ്രദ്ധയും അതിൽ മുന്നേറാനുള്ള താല്പര്യവുമുണ്ടാകൂ. ഈ മാനദണ്ഡം നേടിയാൽ, ഖിലാഫത്തിന്റെ അനുഗ്രഹം നമുക്ക് ലഭിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ട്, ഖിലാഫത്ത് നിലനിറുത്തുന്നതിനും അതിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നതിനും വേണ്ടി ഈ ഖിലാഫത്തുമായി ബന്ധമുള്ള ആളുകളോടു, നമ്മളോടു അല്ലാഹു ഉപദേശിച്ചിരിക്കുന്നത് നമ്മൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും അവരുടെ കൽപ്പനകൾ പാലിക്കുകയും ചെയ്യണമെന്നാണ്.

മുസ്ലിമീങ്ങളുടെ ചരിത്രം ഇന്ന് നമ്മെ പഠിപ്പിക്കുന്നതും നബിﷺ തിരുമേനിയുടെ ഹദീഥനുസരിച്ച് നമ്മൾ കാണുന്നതും മുസ്ലിമീങ്ങളിൽ യഥാർഥ ഖിലാഫത്ത് അഥവാ ഖിലാഫത്തെ റാശിദ, അനുസരണത്തിന്റെ നുകം തങ്ങളുടെ കഴുത്തിൽ കെട്ടിവെച്ചിരുന്ന കാലത്തോളം അത് നിലനിന്നുവെന്നാണ്. അവർ അനുസരണത്തിൽനിന്ന് പുറത്തുപോയപ്പോൾ, അവർക്ക് ഖിലാഫത്ത് നഷ്ടപ്പെട്ടു. അതുകൊണ്ട് ഇക്കാര്യം എപ്പോഴും ഓർമിച്ചിരിക്കണം: അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ട് അതിൽനിന്ന് ഫലമെടുക്കണമെങ്കിൽ, ഖിലാഫത്തുമായി ചേർന്നുനിൽക്കേണ്ടത് ഓരോ അഹ്മദിയുടെയും കടമയാണ്. ഖിലാഫത്തിനോടു സമ്പൂർണമായ അനുസരണം പുലർത്തേണ്ടതും ഓരോ അഹ്മദിയുടെയും കടമയാണ്. കൂടാതെ, കാലത്തിന്റെ ഖലീഫയുടെ കൽപ്പനകൾ അനുസരിക്കേണ്ടതും അദ്ദേഹത്തോട് വിശ്വസ്തത പുലർത്തേണ്ടതും ഓരോ അഹ്മദിയുടെയും കടമയാണ്. അപ്പോൾ മാത്രമേ അയാൾക്ക് സ്വർഗ്ഗം ലഭി

ക്കുകയുള്ളൂ. അപ്പോൾ മാത്രമേ അയാൾക്ക് അതിൽനിന്ന് ഫലം ലഭിച്ചുകൊണ്ടിരിക്കുകയുള്ളൂ. അല്ലാഹു യഥാർഥ മുഅ്മിനും, ഖിലാഫത്തുമായി ചേർന്നുനിൽക്കുന്നവനും ഇത് നിർബന്ധമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ഈ ഖിലാഫത്ത് വ്യവസ്ഥിതി അവൻതന്നെ ഹൃദയങ്ങളെ ഖിലാഫത്തിലേക്ക് തിരിച്ചുവിടുന്ന ഒരു വ്യവസ്ഥിതിയാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ പ്രത്യേക സഹായം. എപ്പോഴും എല്ലാ ഖിലാഫത്ത് കാലഘട്ടത്തിലും നമ്മൾ ഇത് കണ്ടതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാനാ ഹക്കീം നൂർദ്ദീൻ സാഹിബ്ؓ അദ്ദേഹം ഖിലാഫത്ത് സ്ഥാനത്ത് ഉപവിഷ്ഠനായപ്പോൾ, അല്ലാഹുവിന്റെ പ്രത്യേക പിന്തുണ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ആളുകൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലത്തും, കലഹങ്ങളും പ്രശ്നങ്ങളുമുണ്ടായിരുന്നിട്ടും അല്ലാഹുവിന്റെ പിന്തുണ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവെന്നതും നമ്മൾ കണ്ടു. ഈ പിന്തുണകൾ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതായിരുന്നു. പിന്നീട് അഹ്മദിയ്യാ ജമാഅത്ത് ഒരു കൈയിൽ ഐക്യപ്പെട്ടു. ഖിലാഫത്ത് വ്യവസ്ഥിതിയ്ക്കെതിരിൽ നിന്നവരോ അല്ലെങ്കിൽ ഭാവിയിൽ ഖിലാഫത്ത് തുടരുന്നതിനെ എതിർത്തിരുന്നവരോ വേർപെട്ടുപോയി. അവർക്ക് ഒരു സ്ഥാനവുമുണ്ടായില്ല. പിന്നീട് ഖിലാഫത്തെ ഥാലിഥ (മൂന്നാം ഖിലാഫത്ത്) കാലത്തും ആളുകൾ എങ്ങനെ ഒരു കൈയിൽ സംഘടിച്ചുവെന്ന് നമ്മൾ കണ്ടു. അതിനുശേഷം ഖിലാഫത്തെ റാബിയായുടെ (നാലാം ഖിലാഫത്ത്) കാലത്തും ആളുകൾ എങ്ങനെയാണ് സംഘടിച്ചതെന്ന് നമ്മൾ കണ്ടു. ഒരു തരത്തിലുള്ള ഉപദ്രവും അവരെ ഛിന്നഭിന്നമാക്കാൻ അനുവദിച്ചില്ല. പിന്നീട് ഖിലാഫത്തെ ഖാമിസയുടെ(അഞ്ചാം ഖിലാഫത്ത്) കാലത്തും, ഞാൻ മുമ്പേയും പലതവണ പറഞ്ഞിട്ടുള്ളതുപോലെ, ആളുകൾ എങ്ങനെ സംഘടിച്ചു. ഇതൊരു ഉദാഹരണമാണ്, സമാനതകളില്ലാത്ത ഒരു ഉദാഹരണം. വിദൂര രാജ്യങ്ങളിൽനിന്നുള്ള ആളുകൾ സംഘടിക്കുകയും സമാനതകളില്ലാത്ത വിശ്വസ്തത പ്രകടിപ്പിക്കുകയും ചെയ്തു.

ലോകത്ത് ഇന്ന് നിങ്ങൾ നോക്കുക, ഒരൊറ്റ വ്യവസ്ഥിതിയിൽ കോർത്തിണക്കപ്പെട്ടിട്ടുള്ള ഏക സമൂഹം അഹ്മദിയ്യാജമാഅത്ത് മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുമായും ഖിലാഫത്തുമായും ബന്ധപ്പെട്ടുനിൽക്കുന്നതിനാൽ, അവർക്ക് അല്ലാഹുവിന്റെ ധാരാളം അനുഗ്രഹങ്ങളുണ്ട്. ശത്രുക്കൾ അഹ്മദിയ്യാജമാഅത്തിനുനേരെ എണ്ണമറ്റ അതിക്രമങ്ങൾ അഴിച്ചുവിടുന്നുണ്ടെന്നതു ശരിതന്നെ. പ്രത്യേകിച്ച് പാക്കിസ്താനിലും മറ്റു ചില രാജ്യങ്ങളിലും. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു. ഈ കഷ്ടപ്പാടുകൾ തങ്ങളെ തങ്ങളുടെ ദീനിൽ നിന്ന് മാറ്റുകയില്ലെന്ന് അവർ ഈ അവസ്ഥയിലും വിശ്വസിക്കുന്നു. ഇതിനുപകരമായി അല്ലാഹു തങ്ങളുടെമേൽ, തങ്ങളുടെ തലമുറകളുടെമേൽ വർഷിക്കുന്ന അനുഗ്രഹങ്ങൾക്ക് കണക്കില്ല. പാക്കിസ്താനിൽ നോക്കുക, 1974-ൽ ജമാഅത്തിന്നെതിരെ നടന്ന കലാപങ്ങൾക്കിടയിലും ജമാഅത്ത് വളരുകയും ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു. 1984-ൽ ജമാഅത്തിന്നെതിരെ പാസാക്കിയ കരിനിയമങ്ങൾ, ജമാഅത്തിന്റെ വളർച്ചയ്ക്ക് ഒരു തടസ്സവും ഉണ്ടാക്കിയില്ല. കാലത്തിന്റെ ഖലീഫയ്ക്ക് പാക്കിസ്താനിലെ റബ്വയിലുള്ള കേന്ദ്രത്തിൽനിന്ന് പുറത്തുപോകേണ്ടി വന്നെങ്കിലും, ജമാഅത്തിന്റെ വളർച്ചയ്ക്ക് ഒരു തടസ്സവുമുണ്ടായില്ല. പ്രത്യുത പുറത്തു വന്നതിനുശേഷം, ഖിലാഫത്തിന്റെ തണലിൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നതാണ് നമ്മൾ കണ്ടത്. ഒരു പുതിയ യുഗമാരംഭിച്ചു. ഖിലാഫത്തെ റാബിയയുടെ അതായത് നാലാമത്തെ ഖിലാഫത്തുകാലത്ത് എങ്ങനെയാണ് ജമാഅത്ത് വളർന്നതെന്ന് നമ്മൾ കണ്ടതാണ്. ഇപ്പോഴും ജമാഅത്ത് പുരോഗതിയുടെ പാതയിലാണെന്ന് നമ്മൾ കാണുന്നു. ശത്രുക്കൾ അതിക്രമങ്ങളുടെ അതിർവരമ്പുകൾ ലംഘിച്ചിട്ടും ഇത് തുടർന്നുകൊണ്ടേപോകുന്നു. ഇന്ന് നമ്മൾ, പ്രത്യേകിച്ച് 2010-നുശേഷം കാണുന്നത്, എതിരാളികൾ നമ്മുടെ മസ്ജിദുകളെ വ്യാപകമായി ആക്രമിക്കുകയും അഹ്മദികളെ ശഹീദാക്കുകയും ചെയ്യുന്നതാണ്. കാലാകാലങ്ങളിൽ ശഹാദത്തുകൾ സംഭവിക്കുന്നുണ്ട്; ചിലപ്പോൾ കൂടുതലും ചിലപ്പോൾ കുറവും. ഖിലാഫത്തെ ഖാമിസയുടെ കാലത്ത് അനേകം രക്തസാക്ഷികളുണ്ടായി. എന്നിട്ടും അല്ലാഹു ആളുകളുടെ വിശ്വാസങ്ങളെ ഇളക്കിമറിയ്ക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹം കാരണം അവരുടെ വിശ്വാസം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുക മാത്രമല്ല, അതിൽ കൂടുതൽ ശക്തരാകുകയും ചെയ്യുന്നു. ശരിയാണ്, ചിലർക്ക് വിശ്വാസം കുറവായിരിക്കാം. ചിലർ പിന്തിരിഞ്ഞ് പോയിട്ടുമുണ്ടാകാം, എന്നാൽ, ഭൂരിപക്ഷംപേരും തങ്ങളുടെ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അല്ലാഹു അവരെ മറ്റു മാർഗ്ഗങ്ങളിലൂടെയും അനുഗ്രഹിച്ചിട്ടുണ്ട്. അവർക്ക് വിദേശ രാജ്യങ്ങളിൽ പോകാൻ അവസരവും ലഭിച്ചു. അങ്ങനെ അല്ലാഹു ഭൗതികമായ അഭിവൃദ്ധികൾകൊണ്ടും അവരെ അനുഗ്രഹിച്ചു.

അതുപോലെ വിദേശത്തും മറ്റു രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് വളരുകയും വ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഖിലാഫത്തിനോടുള്ള അല്ലാഹുവിന്റെ ഒരു വാഗ്ദാനമായിരുന്നു ഇത്. അതിന്റെ ഫലങ്ങൾ ഇതാണ്: ഇന്ന് നമ്മൾ ഇരുന്നൂറ്റി പതിമൂന്നുപതിനാല് രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് വ്യവസ്ഥാപിതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നത് കാണുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ആത്മാർഥതയുള്ളവരുടെ ഒരു സമൂഹം വാർത്തെടുക്കപ്പെടുന്നു. വിദൂരസ്ഥലങ്ങളിൽ ജീവിക്കുന്ന ആളുകളിലും ഖിലാഫത്തുമായി അവർക്ക് എന്തുമാത്രമുള്ള സ്നേഹ ബന്ധമാണുള്ളതെന്ന് കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. ഞാൻ മുമ്പേയും പല സംഭവങ്ങളും വിവരിച്ചിട്ടുണ്ട്. ആഫ്രിക്കയിലെ വിദൂര ഗ്രാമങ്ങളിലെ ആളുകൾക്ക്, നഷ്ടങ്ങളുണ്ടായിട്ടും അവരെങ്ങനെയാണ് ഖിലാഫത്തുമായി ബന്ധം പുലർത്തുകയും തങ്ങളുടെ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുകയും ചെയ്യുന്നത്! ബുർക്കിനാ ഫാസോയിലെ ഡോറിയിൽ, എട്ടൊമ്പത് അഹ്മദികൾ രക്തസാക്ഷികളായ സ്ഥലത്ത്, അവർ വിശ്വാസത്തിൽ ഉറച്ചുനിന്ന് തങ്ങളുടെ ജീവൻ സമർപ്പിച്ചു. അവരുടെ തലമുറകളും മക്കളും വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു. അവർ പറയുന്നു: ‘ഞങ്ങളുടെ ഈ രക്തസാക്ഷികൾ ഹദ്റത്ത് മസീഹ് മൗഊദ് ؑനെ വിശ്വസിക്കുകയും ജീവൻ ത്യജിക്കുകയും ചെയ്തതുപോലെ ഞങ്ങൾക്കും ഹദ്റത്ത് മസീഹ് മൗഊദിؑൽ വിശ്വാസമുണ്ട്. ഞങ്ങളും ജീവൻ ത്യജിക്കാൻ തയ്യാറാണ്. ഖിലാഫത്തിനുവേണ്ടിയും ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുന്നതിനുവേണ്ടിയും ഞങ്ങൾ ഏത് ത്യാഗത്തിനും തയ്യാറാണ്.’ അവർ എനിക്ക് അയക്കുന്ന സ്നേഹ സന്ദേശങ്ങൾ അത്ഭുതപ്പെടുത്തുന്നതാണ്. വിദൂരങ്ങളിലിരിക്കുന്ന ഈ ആളുകൾ, നമ്മൾ ചിലപ്പോൾ നിരക്ഷരരെന്ന് കരുതുന്ന ഇവർ പോലും, അത്രയും തീവ്രമായ വിശ്വാസമുള്ളവരാണ്. അവരുടെ വാക്കുകളും, അവരുടെ വികാരങ്ങളും, അവരുടെ സ്നേഹവും, ഖിലാഫത്തിനോടുള്ള അവരുടെ വാത്സല്യവും വർണ്ണനാതീതവും സമാനതകളില്ലാത്തതുമാണ്.

അതുകൊണ്ട്, അഹ്മദിയ്യാ ഖിലാഫത്ത് ശാശ്വതമായിരിക്കുമെന്ന് അല്ലാഹു നൽകിയ വാഗ്ദാനം നിറവേറ്റുന്നതിന്, ആളുകളുടെ ഹൃദയങ്ങളെ അല്ലാഹു വിശ്വാസം കൊണ്ട് നിറച്ചുകൊണ്ടിരിക്കുന്നു, അത് തുടർന്നുകൊണ്ടേയിരിക്കും.

ആഫ്രിക്കയിലെ ഒരു രാജ്യത്ത് ഞാൻ പോയിരുന്നു. കൈകൾക്ക് അത്ര സ്വാധീനശക്തിയില്ലാത്ത, അംഗവൈകല്യമുള്ള ഒരാൾ എനിക്കു സലാം പറയുകയും എന്റെ കൈ പിടിച്ച് ശക്തമായി അമർത്തുകയും അത് ഏതോ അമർത്തുമെഷീനിൽപ്പെട്ടതുപോലെ തോന്നു

• ഹദീഥുന്നബ്വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

കയും ചെയ്തു. അത്രയധികം സ്നേഹം അദ്ദേഹം പ്രകടിപ്പിച്ചു. ഇത് അത്ഭുതപ്പെടുത്തുന്നതായിരുന്നു. എത്രമാത്രം സ്നേഹമാണ് അദ്ദേഹത്തിനുള്ളത്! മുമ്പേ ഒരു പരിചയവുമില്ലാതിരുന്നിട്ടും ഖിലാഫത്തിനോടുള്ള സ്നേഹം മാത്രമായിരുന്നു അതിനു കാരണം. എന്നെ കാണുമ്പോൾ ആളുകൾ കണ്ണീരോടെ കരയാൻ തുടങ്ങി. മുമ്പേയൊരിക്കലും കണ്ടിട്ടില്ല, പരിചയവുമില്ല. എന്നിട്ടും കെട്ടിപ്പിടിച്ച് കരയുന്നത് അത്ഭുതകരമായിരുന്നു. അല്ലാഹു എങ്ങനെയാണ് അവരുടെ ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹം ഉളവാക്കിയിട്ടുള്ളത്! അവർ ഇപ്രകാരം പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു: 'അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിറുത്തുന്നതിനുവേണ്ടി ഞങ്ങൾ എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറായിരിക്കും. ഇത് ഞങ്ങളുടെ വെറുമൊരു പ്രതിജ്ഞയല്ല. പ്രത്യുത ഞങ്ങളിത് പ്രാവർത്തികമാക്കി കാണിക്കുന്നവരാണ്.'

എല്ലാ വർഷവും അസംഖ്യമാളുകൾ എനിക്ക് കത്തെഴുതുന്നു. അവരിൽ ചെറിയ കുട്ടികൾ മുതൽ സ്ത്രീകളും യുവാക്കളും വൃദ്ധരുംവരെയുണ്ട്. അവരുടെ ആ കത്തുകളിൽനിന്ന് സ്നേഹം പ്രകടമാകാറുണ്ട്. അത്തരം സ്നേഹപ്രകടനങ്ങൾ കണ്ടാൽ മനുഷ്യൻ അത്ഭുതപ്പെട്ടുപോകും. അല്ലാഹു എങ്ങനെയാണ് അവരുടെ ഹൃദയങ്ങളിൽ ഖിലാഫത്തിനോടും ജമാഅത്തിനോടും ഹദ്റത്ത് മസീഹ് മൗഊദ് ﷺ നോടും സ്നേഹം ഉളവാക്കിയിട്ടുള്ളത്! ഇസ്‌ലാമിന്റെ പുരോഗതിക്കുവേണ്ടി എത്രമാത്രം വേദനയാണ് അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഉണ്ടാക്കിയിട്ടുള്ളത്!ഇക്കാര്യമാണ് അഹ്മദിയ്യ ഖിലാഫത്തിലൂടെ അല്ലാഹു സ്ഥാപിച്ചിട്ടുള്ളത്. ഇതു നിലനിറുത്തണമെന്നാണ് അല്ലാഹു നമ്മോടു പറയുന്നത്. നിങ്ങൾ ഇതിൽ നിലനില്ക്കുകയാണെങ്കിൽ, നിങ്ങളുടെ കർമങ്ങൾ നല്ലതാക്കി വെക്കുകയാണെങ്കിൽ നിങ്ങൾ ഇതിൽ നിന്ന് അനുഗ്രഹം പ്രാപിച്ചുകൊണ്ടേയിരിക്കും. അല്ലാഹു ഇതേ ആയത്തുകളിൽ ഈമാനിൽ അഭിവൃദ്ധിപ്പെടുന്ന ഇവരൊരിക്കലും ശിർക്ക് അഥവാ അന്യാരാധന നടത്തുന്നവരാകുകയില്ലെന്നും പറഞ്ഞിട്ടുണ്ട്, അതിനാൽ എല്ലാതരം ശിർക്കിൽനിന്നും നമ്മളെപ്പോഴും രക്ഷപ്പെടേണ്ടത് അനിവാര്യമാണ്. കഴിഞ്ഞ ദിവസം ഞാൻ യു.കെയിലെ ശൂറയിൽ നടത്തിയ പ്രസംഗത്തിലും ഇതു പറഞ്ഞിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ﷺ വിവിധ ഉദ്ധരണികളിലൂടെ ഞാനിക്കാര്യം വിശദീകരിച്ചു: 'നമ്മുടെ ഉള്ളിൽ ഏതെങ്കിലും ഭാരവാഹിയുടെ ഉള്ളിൽ-ഭാരവാഹികൾ മാത്രമല്ല സംബോധിതർ -പ്രത്യുത എല്ലാ അഹ്മദികളും സംബോധിതരാണ്, ഏതെങ്കിലും വ്യക്തിയുടെ ഉള്ളിൽപ്പോലും സ്വാർഥതയുണ്ടെങ്കിൽ, നമ്മുടെ ഉള്ളിൽ അഹങ്കാരമുണ്ടെങ്കിൽ നമ്മുടെ ഉള്ളിൽ ശിർക്കിന്റെ കലർപ്പുണ്ട്. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് യഥാർഥമായ അനുഗ്രഹം പ്രാപിക്കണമെങ്കിൽ, യഥാർമായ നിലയിൽ അനുഗ്രഹങ്ങളുടെ അവകാശികളാകണമെങ്കിൽ എല്ലാവിധ ശിർക്ക് അഥവാ അന്യാരാധനകളിൽ നിന്നും, നമ്മുടെ അഹങ്കാരങ്ങളിൽ നിന്നും, സ്വാർഥതയിൽനിന്നും നമ്മൾ നമ്മെ മോചിപ്പിക്കേണ്ടതായിവരും. സ്വയം ശുദ്ധീകരിക്കണം. അപ്പോൾ മാത്രമേ അത്തരം ഭാരവാഹികളും അത്തരം പ്രവർത്തകരും ജമാഅത്തിന് ഉപകാരം ചെയ്യുന്നവരും പ്രയോജനപ്പെടുന്നവരുമാകുകയുള്ളു. അവരുടെ അഹങ്കാരങ്ങൾ അവസാനിക്കുന്നതാണ്. അവരുടെ അഹങ്കാരങ്ങൾ അവസാനിക്കുമ്പോൾ, അവർ അല്ലാഹുവിനുവേണ്ടി മാത്രം അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവരായിത്തീരുകയും ചെയ്യും.

പിന്നീട് അല്ലാഹു പറഞ്ഞിരിക്കുന്നു: 'ഈ ആളുകൾ നമസ്കാരം നിലനിറുത്തുന്നവരും സക്കാത്ത് നൽകുന്നവരുമാണ്.' വീണ്ടും പറഞ്ഞിരിക്കുന്നു: 'അവർ അല്ലാഹുവിനെയും അവന്റെ റസൂലിനെയും പൂർണ്ണമായി അനുസരിക്കുന്നവരാണ്.' ഇത്തരമാളുകളോടാണ് അല്ലാഹു കരുണ കാണിക്കുക.' അതുകൊണ്ട്, അല്ലാഹു ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദി ﷺ ലൂടെ ആരംഭിച്ച ഖിലാഫത്തിന്റെ ഈ സമ്മാനപരമ്പരയിൽനിന്ന് പ്രയോജനം നേടുന്നതിന്, ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഈ കൽപ്പന ഓർക്കേണ്ടതാണ്; 'സമ്പൂർണമായി ഖിലാഫത്തിന്റെ അനുഗ്രഹം നിലനിറുത്തുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നവരോടാണ് അവന്റെ വാഗ്ദാനം. അല്ലാഹുവിനോടുള്ള ആരാധന എപ്പോഴും മനസ്സിലുണ്ടായിരിക്കണം. കാരണം, അല്ലാഹുവിനെ പൂർണ്ണമായി അനുസരിക്കുന്നവർ അവനെ എപ്പോഴും ഓർക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നവരാണ്. ആരാധനയ്ക്കുവേണ്ടി, നമുക്കറിയാവുന്നതുപോലെ, അല്ലാഹു നമ്മോടു ആവർത്തിച്ച് കൽപ്പിച്ചിട്ടുള്ളത് നമസ്കാരങ്ങൾ നിലനിറുത്താനാണ്. അതുകൊണ്ട്, നമസ്കാരങ്ങൾ നിലനിറുത്തുന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. ഖിലാഫത്തുമായി സ്വയം ബന്ധപ്പെട്ടുവെന്ന് കരുതുന്നവരും, ബന്ധപ്പെടുത്താൻ ആഗ്രഹിക്കുന്നവരും, അതിൽ നിന്ന് പ്രയോജനമുൾക്കൊള്ളാൻ ആഗ്രഹിക്കുന്നവരുമായ ഓരോ അഹ്മദിയും നമസ്കാരങ്ങൾ നിലനിറുത്തുന്നതിന് നമ്മൾ പൂർണ്ണ ശ്രദ്ധ നൽകണമെന്ന കാര്യം മനസ്സിൽ വെക്കേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ നമസ്കാരം നിലനിറുത്തുന്നതിനെക്കുറിച്ച് വിശദീകരിക്കുമ്പോൾ ഒരു സ്ഥലത്ത് വളരെ മനോഹരമായി പറഞ്ഞിട്ടുണ്ട്: "സ്വലവാത്തിന്റെ ഏറ്റവും നല്ല ഭാഗം ജുമുഅയാണ്. അതിൽ ഇമാം ഖുത്ബ ഓതുകയും ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. കാലത്തിന്റെ ഖലീഫ ലോകത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തും, ലോകത്തിലെ വിവിധ ജനവിഭാഗങ്ങളുടെ കാലാകാലങ്ങളിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ പരിഗണിച്ചും ഉപദേശങ്ങൾ നൽകുന്നു. ഇതു മുഖേന സാമൂഹിക ഐക്യവും ഒരുമയുമുണ്ടാകുന്നു. എല്ലാവരുടെയും ഖിബ്‌ല ഒരേ ദിശയിലേക്കായിരിക്കും. അഥവാ കാലത്തിന്റെ ഖലീഫയിലേക്ക്. ഇന്ന് നമ്മൾ അതിന്റെ യഥാർഥചിത്രം നമ്മുടെ മുന്നിൽ കാണുന്നു. ഇന്ന് എം.ടി.എ അഥവാ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ വഴി അല്ലാഹു ആ വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുകയാണ്. കാലത്തിലെ ഖലീഫയുടെ ഖുത്ബ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും, എല്ലാ പ്രദേശങ്ങളിലും, എല്ലാ നഗരങ്ങളിലും, എല്ലാ ഗ്രാമങ്ങളിലും കേൾക്കുകയും കാണുകയും ചെയ്യുന്നു. കാലത്തിന്റെ ഖലീഫ പറയുന്ന കാര്യങ്ങൾ മുന്നിലിരിക്കുന്നവർക്ക് മാത്രമുള്ളതല്ല, ആഫ്രിക്കയിൽ നിന്നും തുർക്കിയിൽനിന്നും റഷ്യൻ രാജ്യങ്ങളിൽനിന്നും 'അങ്ങ് പറയുന്ന കാര്യങ്ങൾ ഞങ്ങളുടെ സാഹചര്യങ്ങളുമായി യോജിക്കുന്നതായി തോന്നുന്നു, ഇതുകേട്ട് ഞങ്ങൾക്ക് സ്വയം തിരുത്താനുള്ള ശ്രദ്ധയുണ്ടാകുന്നു, ഖിലാഫത്ത് വ്യവസ്ഥിതി ഞങ്ങളെ ഒരുമിപ്പിച്ച് നിറുത്തുന്ന ഒരു വ്യവസ്ഥിതിയാണെന്ന് യാഥാർഥ്യത്തിലേക്കെത്തിച്ചേരാൻ ഇത് സഹായിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് എനിക്ക് ധാരാളം കത്തുകൾ വരാറുണ്ട്. അതിനാൽ പറയുന്ന കാര്യങ്ങൾ പാക്കിസ്താനി ചിന്താഗതിക്കാർക്ക് മാത്രമുള്ളതാണ്, അല്ലെങ്കിൽ യൂറോപ്പിലെ ചിലയാളുകൾക്ക് മാത്രമുള്ളതാണെന്ന ചിന്ത ശരിയല്ല. ലോകത്തിന്റെ എല്ലാ കോണുകളിലും, എല്ലാ രാജ്യങ്ങളിലും, പാരമ്പര്യങ്ങളിൽപ്പെട്ട പൊതുവായ ചില കാര്യങ്ങളുണ്ടെന്ന് കത്തുകളിൽനിന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്. ഇത് ആളുകൾക്ക് സ്വയം തിരുത്താനുള്ള അവസരം നൽകുന്നു. ഇന്ന് ഞാൻ ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. നബി ﷺ തിരുമേനിയുടെ ജീവിതത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. അതിലും നമുക്ക് ഉപദേശങ്ങളായി വർത്തിക്കുന്ന പല കാര്യങ്ങളും കടന്നുവരുന്നുണ്ട്. ആളുകൾക്ക് അത് വളരെവലിയ പ്രയോജനം ചെയ്യുന്നുണ്ട്. കൂടാതെ, അവർക്ക് ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചും, ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ചും, ഈ വിഷയത്തിൽ സ്വഹാബത്തിന്റെ ജീവിതത്തെക്കുറിച്ചും അറിവ് ലഭിക്കുന്നുണ്ട്. ഈ വിഷയത്തിൽ, നബിﷺതിരുമേനിയുടെ വിവിധ സന്ദർഭങ്ങളിലെ ഉത്തമ മാതൃകയെക്കുറിച്ചും അവർക്ക് അറിവ് ലഭിക്കുന്നുണ്ട്. ചില കാര്യങ്ങൾ അവരുടെ വ്യക്തിപരമായ മാറ്റ


• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM



• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ങ്ങൾക്കും പ്രയോജനകരമാണ്, അതിൽ നിന്ന് അവർ പ്രയോജനം നേടുകയും അവരത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അഹ്മദിയ്യ ജമാഅത്തിൽ ഐക്യം സ്ഥാപിക്കുന്നതിനുള്ള മാർഗം, അല്ലാഹുതന്നെ നമുക്കിടയിൽ സ്ഥാപിച്ച ഖിലാഫത്ത് മാത്രമാണ്. ലോകത്തിലെ 215 രാജ്യങ്ങളിൽ താമസിക്കുന്ന ഓരോ അഹ്മദിയും ഈ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് ഒത്തൊരുമയോടെ പ്രവർത്തിക്കുകയും സ്വയം നവീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു സക്കാത്ത് നൽകാനും കൽപ്പിച്ചിട്ടുണ്ട്. ഇത് സമ്പത്തിനെ ശുദ്ധീകരിക്കുന്നതിന് വളരെ അത്യാവശ്യമാണ്. നിങ്ങളുടെ സമ്പത്ത് ശുദ്ധീകരിക്കുക എന്നത് അതിന് ആവശ്യമാണ്, അതിൽ മറ്റു സാമ്പത്തിക ത്യാഗങ്ങളും ഉൾപ്പെടുന്നു.

അഹ്മദിയ്യാ ജമാഅത്തിലൂടെ മാത്രമാണ് ഈ സാമ്പത്തിക വ്യവസ്ഥിതി പ്രവർത്തിക്കുന്നതെന്ന് ഇന്ന് നമ്മൾ കാണുന്നു. ഖലീഫയുടെ അനുസരണത്തിൽ ലോകമെമ്പാടും ചന്ദ(വരിപ്പണം) നൽകുന്നതിലൂടെ, ജമാഅത്തിലെ അംഗങ്ങളുടെയും ജമാഅത്തുകളുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. ഒരു രാജ്യത്ത് കുറവുണ്ടെങ്കിൽ, മറ്റൊരുരാജ്യംവഴി അത് നികത്തപ്പെടുന്നു. ആഫ്രിക്കയിൽ ആളുകൾ വലിയ ത്യാഗങ്ങൾ ചെയ്യുന്നുണ്ടെങ്കിലും, അവരുടെ സാഹചര്യങ്ങൾ കാരണം അവരുടെ ചെലവുകൾ വരുമാനത്തെക്കാൾ വളരെ കൂടുതലാണ്. അതുകൊണ്ട്, പുറം രാജ്യങ്ങളിൽ നിന്ന് അങ്ങോട്ട് പണം അയക്കേണ്ടി വരുന്നു. അവിടെ സ്കൂളുകളും ആശുപത്രികളും മിഷൻ ഹൗസുകളും മസ്ജിദുകളും ഈ പണം ഉപയോഗിച്ച് പ്രവർത്തിക്കുന്നു. അല്ലാഹു നമ്മെ ഒരു വ്യവസ്ഥിതിയിൽ ഉൾപ്പെടുത്തി അതിൽനിന്ന് പ്രയോജനമെടുക്കാൻ അനുവാദം നൽകിയതിൽ അവിടുത്തെ ആളുകളും വളരെ നന്ദിയുള്ളവരാണ്. ശത്രുക്കൾ ഇങ്ങനെയുള്ള രാജ്യങ്ങളിൽച്ചെന്ന്, അഹ്മദികൾ ഇസ്‌ലാമിക പ്രബോധനമനുസരിച്ച് പ്രവർത്തിക്കുന്നവരല്ലെന്ന് പറഞ്ഞ് 'ഖാദിയാനിയ്യത്ത് ഉപേക്ഷിക്കൂ, മിർസായിയ്യത്ത് അല്ലെങ്കിൽ അഹ്മദിയ്യത്ത് ഉപേക്ഷിക്കൂ' എന്ന് പറയാറുണ്ട്. എന്നാൽ, അഹ്മദികൾ അവർക്ക് ഇങ്ങനെയാണ് മറുപടി നൽകുന്നത്: 'ഇതുവരെ നിങ്ങൾ ഞങ്ങളെ ഒന്നും പഠിപ്പിച്ചിട്ടില്ല, ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തു വന്ന് ഞങ്ങളുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും മസ്ജിദുകൾ നിർമ്മിച്ചു, ഞങ്ങളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധ നൽകി, ഞങ്ങൾക്ക് സ്കൂൾ സൗകര്യങ്ങളൊരുക്കി, ആശുപത്രികൾ നിർമിച്ചു തന്നു, ദീൻ പഠിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ ഞങ്ങളെ പഠിപ്പിക്കുന്നു. വിശുദ്ധ ഖുർആന്റെ പരിഭാഷ ഞങ്ങളെ പഠിപ്പിക്കുന്നു. നിങ്ങളിതുവരെ ഒന്നും ചെയ്തിട്ടില്ല, ഇപ്പോൾ നിങ്ങൾ ഞങ്ങളുടെ എതിർപ്പുമായി വന്നിരിക്കുന്നു, ഇവർ മുസ്‌ലിമീങ്ങളല്ലെന്ന് പറഞ്ഞ് ഞങ്ങളുടെ പിന്നാലെ കൂടുന്നു. ഇവർ മുസ്‌ലിമീങ്ങളല്ലെങ്കിൽ ലോകത്താരുംതന്നെ മുസ്‌ലിമീങ്ങളല്ല. പുതിയതായി ബയ്അത്ത് ചെയ്തവർ നല്കുന്ന മറുപടിയാണിത്.

അതിനാൽ, ഇത് ഖിലാഫത്തിന്റെ നിലവിലുള്ള വ്യവസ്ഥിതിയുടെ ഭാഗമാണ്. ഇതിലൂടെയാണ് അല്ലാഹു ആളുകളുടെ ഹൃദയങ്ങളിൽ സാമ്പത്തിക ത്യാഗത്തിന്റെ ആത്മാവ് ഊതുന്നത്. ചന്ദകൾ (വരിപ്പണം) വഴിയും സക്കാത്ത് വഴിയും ഖിലാഫത്ത് വ്യവസ്ഥിതിയിലൂടെ നിയമാനുസൃതവും യഥാർഥവുമായ അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. പാവപ്പെട്ടവരെ പരിപാലിക്കുകയും ആവശ്യമുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നു. ഏതായാലും, ഞാൻ നേരത്തെ പറഞ്ഞതുപോലെ, ചില സാഹചര്യങ്ങൾ കാരണം ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ബംഗ്ലാദേശ്, ചില അറേബ്യൻ രാജ്യങ്ങൾ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ, പാക്കിസ്താൻ, കൂടാതെ മറ്റു ചില സ്ഥലങ്ങളിലും, ഫലസ്തീനിലും കുറച്ച് അഹ്മദികളുണ്ടെങ്കിലും അവർ വലിയ ബുദ്ധിമുട്ടിലാണ്. പൊതുവെ അവിടെ ഫലസ്തീൻ സമൂഹം മുഴുവൻ പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. അവർക്കെതിരെ അങ്ങേയറ്റം ക്രൂരമായ അതിക്രമങ്ങളാണ് നടക്കുന്നത്. ഫലസ്തീനികൾക്കെതിരെ നടന്നുകൊണ്ടിരിക്കുന്ന ഈ അതിക്രമങ്ങളിൽനിന്ന് അല്ലാഹു അവരെയും രക്ഷിക്കുമാറാകട്ടെ. ആ അക്രമകാരികളുടെ ശ്രമം അവരെ പൂർണ്ണമായി ഉന്മൂലനം ചെയ്യുക എന്നതാണ്. അവർ അത് ചെയ്തുകൊണ്ടിരിക്കുകയാണ്. അല്ലാഹു തന്നെ അവരിൽ കരുണ ചൊരിയുമാറാകട്ടെ. എന്നാൽ, അഹ്മദികൾ ഈ കഷ്ടപ്പാടുകളെല്ലാം കണ്ടിട്ടും അല്ലാഹുവിനോടു നന്ദി പറയുന്നു. കാരണം, ഞങ്ങൾക്ക് ഖിലാഫത്ത് വ്യവസ്ഥിതിയുണ്ട്. അത് ഞങ്ങൾക്ക് ആശ്വാസം നൽകുകയും ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു.

ലോകത്ത് പല ദുരന്തങ്ങളും വെളിപ്പെടുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ, ചിലത് പ്രകൃതിദുരന്തങ്ങളാണ്, ചിലത് മനുഷ്യരുടെ തെറ്റുകൾ കൊണ്ടും അഹങ്കാരം കൊണ്ടും ലോകം ഒരു കുഴപ്പത്തിലും പ്രയാസത്തിലും അകപ്പെട്ടിരിക്കുന്നു, അതിന്റെ ഫലമായി യുദ്ധങ്ങളും പ്രശ്നങ്ങളുമു ണ്ടാകുന്നു. ഈ ആളുകൾ ഇപ്പോഴും അല്ലാഹുവിലേക്ക് തിരിയുന്നില്ലെങ്കിൽ, ലോകത്ത് ഒരു വൻനാശം ഉണ്ടാകാൻ പോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പലതവണ അതിനെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. അതുകൊണ്ട്, ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടവരുടെ കടമയാണ് ലോകത്തെ ഈ നാശത്തിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുക എന്നത്. ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കുമ്പോൾ, അതിനുവേണ്ടി പരിശ്രമിക്കുകയും വേണ്ടതാണ്. ഈ പരിശ്രമം ലോകത്തെ അല്ലാഹുവിലേക്ക് കൊണ്ടുവരാൻ പൂർണ്ണമായും ശ്രമിക്കുക എന്നതാണ്. ഈ സന്ദേശമെത്തിക്കാൻ നമ്മുടെ കഴിവിന്റെ പരമാവധി മാർഗങ്ങളും കഴിവുകളും ഉപയോഗിക്കുക. അതിനുവേണ്ടി ജീവൻ, സമ്പത്ത്, സമയം എന്നിവ ത്യജിക്കാൻ എപ്പോഴും തയ്യാറായിരിക്കുക. അതുപോലെ, ഓരോ അഹ്മദിയിലും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങൾ ഉണ്ടാകത്തക്കവിധം അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുക. ആ അനുഗ്രഹങ്ങൾ കാരണം അവർക്ക് അല്ലാഹുവിന്റെ സാമീപ്യം നേടാൻ കഴിയണം. അല്ലാഹുവിന്റെ സാമീപ്യം നേടുന്നവർ ലോകത്തെ രക്ഷിക്കുന്നതോടൊപ്പം സ്വന്തം തലമുറകളെയും രക്ഷിക്കുന്നവരായിരിക്കും. കൂടാതെ സ്വയം വിപത്തുകളിൽനിന്ന് രക്ഷിക്കുന്നവരുമായിരിക്കും. കാരണം, ഈ വിപത്തുകളും നാശങ്ങളും അങ്ങേയറ്റം ഗുരുതരമായ രൂപം പൂണ്ടുവരികയാണ്. ഭാവിയിൽ മനുഷ്യന് സങ്കൽപ്പിക്കാൻപോലും കഴിയാത്ത രൂപം അവ കൈക്കൊണ്ടേക്കാം.

അതുകൊണ്ട്, അഹ്മദിയ്യാ ഖിലാഫത്തിനോടു കൂട്ടിബന്ധിപ്പിക്കുന്നതിലൂടെയാണ് ലോകത്തിന് ഇന്ന് നിലനിൽപ്പുള്ളതെന്ന് എപ്പോഴും ഓർക്കുക. അഹ്മദിയ്യാ ഖിലാഫത്ത്, അല്ലാഹു നബി ﷺ തിരുമേനിയോടു ചെയ്ത വാഗ്ദാനത്തിന്റെയും, നബി ﷺ തിരുമേനി പ്രവചിച്ച കാര്യങ്ങളുടെയും, മസീഹ് മൗഊദി عليه السلام ലൂടെ ആരംഭിക്കേണ്ടിയിരുന്ന ആ വ്യവസ്ഥിതിയുടെയും തുടർച്ചയാണ്. അതിനാൽ അഹ്മദിയ്യ ഖിലാഫത്ത് അല്ലാഹുവിലേക്ക് നമ്മെ കൊണ്ടുച്ചെന്നെത്തിക്കുന്ന ഒരു കണ്ണിയാണ്; അല്ലാഹുവിന്റെ വ്യവസ്ഥിതി നടപ്പിൽവരുത്തുന്നതിനുള്ള ഒരു കണ്ണിയും. ഇതിനുവേണ്ടി ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. നമ്മൾ അങ്ങനെ ചെയ്യുമ്പോൾ, അല്ലാഹു നമ്മെ തന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കും. ആ അനുഗ്രഹങ്ങൾ ലോകത്ത് മറ്റാർക്കും ലഭിക്കാത്ത വിധത്തിലുള്ളതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു ഉദ്ധരണി അവസാനമായി ഞാൻ ഇവിടെ സമർപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "അല്ലാഹു നിങ്ങളെ വ്യർഥമാക്കുമെന്ന് നിങ്ങളൊരിക്കലും കരുതരുത്. ഭൂമിയിൽ വിതയ്ക്കപ്പെട്ട ദൈവകരത്തിലെ ഒരു വിത്താകുന്നു നിങ്ങൾ. ഈ വിത്ത് വളരുകയും പുഷ്പിക്കുകയും നാനാഭാഗങ്ങളിലേക്ക് അതിന്റെ ശാഖകൾ പടർന്ന് പന്തലിക്കും വിധം ഒരു വടവൃക്ഷമായിത്തീ

• ഹദീഥുന്നബ്‌വി ﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

രുകയും ചെയ്യുമെന്നും അല്ലാഹു അരുൾ ചെയ്യുന്നു. ദൈവിക വചനങ്ങളിൽ വിശ്വസിക്കുകയും ഇടക്കു വെച്ച് ഉണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ. പരീക്ഷണങ്ങൾ ഉണ്ടാവേണ്ടതും അനിവാര്യമാണ്. ഏതെങ്കിലും പരീക്ഷണത്തിൽ കാലിടറുന്നവർ അല്ലാഹുവിന് ഒരു നഷ്ടവും വരുത്തുന്നില്ല. മറിച്ച്, നിർഭാഗ്യം അവനെ നരകത്തിലെത്തിക്കുന്നു. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ അവന് എത്ര നന്നായിരുന്നു! അവസാനംവരെ സഹനം കൈക്കൊള്ളുന്നവർ ആപത്തുകളുടെ ഭൂകമ്പങ്ങളുണ്ടായാലും അപകടങ്ങളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും സമൂഹങ്ങൾ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്താലും ലോകം അതി നീചമായി വർത്തിച്ചാലും അവർ തന്നെയായിരിക്കും ഒടുവിൽ വിജയ ശ്രീലാളിതരായിത്തീരുന്നത്. അനുഗ്രഹങ്ങളുടെ കവാടങ്ങൾ അവർക്കുമേൽ തുറക്കപ്പെടുന്നതാണ്.

“ഞാനെന്റെ ജമാഅത്തിനെ അറിയിക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: ഭൗതികതയുടെ കലർപ്പില്ലാത്ത സത്യവിശ്വാസം, കാപട്യവും, ഭീരുത്വവുംകൊണ്ട് പൊടിപുരളാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞു പോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. ഇവരുടെ പാദങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണെന്ന് അല്ലാഹു പറയുന്നു.”*(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 309)*

അതുകൊണ്ട്, ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്. ലോകത്തിന്റെ എല്ലാ കോണുകളിലും, എല്ലാ രാജ്യങ്ങളിലും, അല്ലാഹു അഹ്മദിയ്യ ജമാഅത്തിന്, ഹദ്റത്ത് മസീഹ് മൗഊദ് ﷺന്, അഹ്മദിയ്യാ ഖിലാഫത്തിന്,തങ്ങളുടെ ത്യാഗങ്ങളുടെ മാനദണ്ഡങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്ന ആളുകളെ നൽകിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദിﷺനോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞിരുന്നു, അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നു, ‘എന്റെ എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാകാതെ ഈ ലോകം അവസാനിക്കില്ല. ചിലത് എന്റെ ജീവിതത്തിലും ചിലത് എന്റെ ശേഷവും.’ അതായത് ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ജീവിതത്തിലും അതിനുശേഷവും. അല്ലാഹു ഇന്നുവരെ അത് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു, ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടുനിൽക്കുന്നവർ അത് കാണുകയും ചെയ്യുന്നു. ഇൻശാ അല്ലാഹ് കണ്ടുകൊണ്ടിരിക്കുകയും ചെയ്യും.

അതുകൊണ്ടുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്ﷺഅല്ലാഹുവിൽ നിന്ന് അറിവു കരസ്ഥമാക്കി നമുക്ക് നൽകിയ സുവിശേഷങ്ങളിൽ പങ്കുകൊള്ളാനും അല്ലാഹുവിന്റെ അനുഗ്രഹ വാഗ്ദാനത്തിൽനിന്ന് ഫലമെടുക്കാനും അല്ലാഹുവിന്റെ മഹത്ത്വം ഹൃദയങ്ങളിൽ സ്ഥാപിക്കുന്നവരാകുകയെന്നത് നമ്മളിൽ ഓരോരുത്തരുടെയും കടമയാണ്. നമ്മുടെ ഹൃദയങ്ങളിലും, ലോകത്തിന്റെ ഹൃദയങ്ങളിലും, നമ്മുടെ തലമുറകളുടെ ഹൃദയങ്ങളിലും അല്ലാഹുവിന്റെ ഏകത്വം പ്രായോഗികമായി പ്രകടിപ്പിക്കുന്നവരാകുക. മനുഷ്യരാശിയോടു യഥാർഥ സഹാനുഭൂതിയുള്ളവരാകുക. ഹൃദയങ്ങളെ വിദ്വേഷത്തിൽനിന്നും വൈരാഗ്യത്തിൽനിന്നും ശുദ്ധീകരിക്കുന്നവരാകുക. നന്മയുടെ ഓരോ പാതയിലും കാൽവെക്കുന്നവരാകുക. തങ്ങളുടെ വിശ്വാസങ്ങളെ സംരക്ഷിക്കുന്നവരാകുക. സമ്പൂർണമായ അനുസരണത്തിന്റെ മാതൃക പ്രകടിപ്പിക്കുന്നവരാകുക. വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്നവരാകുക. അല്ലാഹുവിലേക്കുള്ള നമ്മുടെ കാൽവെയ്പ്പുകൾ സത്യത്തിന്റെ കാൽവെയ്പ്പുകളായി പരിഗണിക്കപ്പെടാനും, അവന്റെ വാഗ്ദാനങ്ങളിൽനിന്ന് പ്രയോജനമെടുക്കുന്നവരാകാനും വേണ്ടിയാണത്.അഹ്മദിയ്യാ ഖിലാഫത്ത് നിലനിറുത്തുന്നതിന് നമ്മളിലോരോരുത്തരും ഏതു ത്യാഗത്തിനും തയ്യാറായിരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖു നൽകുമാറാകട്ടെ. വിവിധ സമയങ്ങളിൽ ചെയ്യുന്ന പ്രതിജ്ഞകൾ കീഴ്ഘടകങ്ങളിലെ അംഗങ്ങളും ചെയ്യുന്ന പ്രതിജ്ഞകൾ പൂർത്തിയാക്കാൻ അവർക്കും കഴിയുമാറാകട്ടെ. അല്ലാഹു നമ്മുടെ ജീവിതത്തിൽ ആ കാലഘട്ടം കൊണ്ടുവരട്ടെ, ലോകത്ത് അല്ലാഹുവിന്റെ ഏകത്വത്തിന്റെ പതാക എല്ലായിടത്തും പാറിക്കളിക്കുകയും, നബിﷺതിരുമേനിയുടെ ദാസത്വത്തിൽ ജനങ്ങൾ കൂട്ടംക്കൂട്ടമായി കടന്നുവരികയും, അല്ലാഹുവിന്റെ സമ്പൂർണമായ അനുസരണമുള്ളവരിൽപെടാൻ ശ്രമിക്കുകയും ചെയ്യുന്നത് നമ്മൾ കാണുമാറാകട്ടെ. ഇത് സംഭവിക്കുമ്പോഴാണ് നമ്മുടെ സന്തോഷത്തിന്റെ ദിനമുണ്ടാകുന്നത്. അന്ന് അല്ലാഹു ഖിലാഫത്തിനെക്കുറിച്ച് ചെയ്ത വാഗ്ദാനത്തിന്റെ അനുഗ്രഹങ്ങൾ ഇന്ന് നമ്മൾ പ്രയോജനപ്പെടുത്തുകയാണെന്ന് നമ്മൾ പറയും. ഈ ദിനങ്ങളായിരിക്കും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്ന സുദിനങ്ങൾ. നമുക്ക് സ്വയം സംസ്കരണം നടത്താനുള്ള തൗഫീഖും, അവന്റെ സന്ദേശം ലോകത്തെത്തിക്കാനുള്ള തൗഫീഖും അല്ലാഹു നമുക്കു നൽകുമാറാകട്ടെ. ആമീൻ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തേത്, ആദരണീയനായ കേണൽ ഡോക്ടർ പീർ മുഹമ്മദ് മുനീർ സാഹിബിനെക്കുറിച്ചാണ്. ഇദ്ദേഹം റബ്വയിലെ ഫള്ലെ ഉമർ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം 85-ാം വയസ്സിൽ അന്തരിച്ചു. ‘ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.’ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അദ്ദേഹം മൂസിയായിരുന്നു. 1963-ൽ ഡോക്ടർ സാഹിബ് സ്വയം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. അതിനുശേഷം 1967-ൽ അദ്ദേഹം വസിയ്യത്ത് ചെയ്തു, വസിയ്യത്തിന്റെ വ്യവസ്ഥിതിയിൽ അംഗമായി. 1991-ൽ അദ്ദേഹത്തിന്റെ സൽകർമങ്ങൾ കണ്ട് മാതാപിതാക്കൾക്കും ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു.

കേണൽ പീർ മുഹമ്മദ് മുനീർ സാഹിബ് ജോലിയിൽനിന്ന് വിരമിച്ചശേഷം മുൾത്താൻ ജില്ലയുടെ നാഇബ് അമീറായും സേവനമനുഷ്ഠിച്ചു. 2004-ൽ റബ്വയിലേക്ക് താമസം മാറി. ജോലിയിൽനിന്ന് വിരമിച്ചശേഷം ജീവിതം വഖ്ഫു ചെയ്തു. ഫള്ലെ ഉമർ ഹോസ്പിറ്റലിൽ ജനറൽ ഫിസിഷ്യനായി അദ്ദേഹം സേവനമനുഷ്ഠിച്ചു. കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തെ ഫള്ലെഉമർ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. ഈ പദവിയിൽ 12 വർഷത്തോളം അദ്ദേഹം വലിയ ആത്മാർഥതയോടും കഠിനാധ്വാനത്തോടും സഹാനുഭൂതിയോടുംകൂടി തന്റെ കടമകൾ നിർവഹിച്ചു. 2017-ൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹത്തെ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് മാറ്റിയെങ്കിലും, ഡോക്ടറായി അദ്ദേഹം ആശുപത്രിയിൽ തുടർന്നും സേവനം ചെയ്തു. ഇ.എൻ.ടി വിഭാഗത്തിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ജമാഅത്തിനുവേണ്ടി വഖ്ഫെ സിന്ദഗിയായി അദ്ദേഹം 19 വർഷം സേവനമനുഷ്ഠിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ മാലിക് സാഹിബ, ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദു ഇസ്മായിൽ സാഹിബിന്റെ പേരക്കുട്ടിയാണ്. അവർ പറയുന്നു: ‘അദ്ദേഹം വളരെ കരുണയുള്ള പിതാവും സ്നേഹമുള്ള ഭർത്താവും മുഴുവൻ കുടുംബവുമായും നല്ല ബന്ധം പുലർത്തുന്നയാളുമായിരുന്നു. ജമാഅത്തുമായും ഖിലാഫത്തുമായും അദ്ദേഹത്തിന് വലിയ ബന്ധമുണ്ടായിരുന്നു. തന്റെ വഖ്ഫുജീവിതം തികഞ്ഞ സത്യസന്ധതയോടെ നിർവഹിക്കാൻ അദ്ദേഹം ശ്രമിച്ചു. 60 വർഷം അദ്ദേഹവുമായി ഞാൻ ഒരുമിച്ചുണ്ടായിരുന്നു. അദ്ദേഹം വളരെ സൗമ്യനും എല്ലാവരെയും പരിഗണിക്കുന്നയാളുമായിരുന്നു. എന്റെ മാതാപിതാക്കളെയും എന്റെ സഹോദരങ്ങളെയും സ്വന്തം മാതാപിതാക്കളെയും ഒരുപോലെ അദ്ദേഹം കണ്ടു. മനുഷ്യത്വം എല്ലാറ്റിനുമുപരിയായിരുന്നു. ഡ്യൂട്ടി കഴിഞ്ഞ് വൈകിയാണ് വീട്ടിലെത്തിയിരുന്നതെങ്കിൽ, ചോദിക്കുമ്പോൾ അദ്ദേഹം പറയുമായിരുന്നു: ‘മറ്റുള്ളവരുടെ ജോലികൾ ഫയലുകളുമായി ബന്ധപ്പെട്ടതാണ്, അവർക്കിഷ്ടമുള്ളപ്പോൾ ഫയലുകൾ അടച്ചുവയ്ക്കാം. പക്ഷേ, എന്റെ ജോലി മനുഷ്യരുമായി ബന്ധപ്പെട്ടതാണ്. ഞാൻ അവരെയാണ് നോക്കുന്നത്. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക എന്നത് എന്റെ കടമയാണ്.’ ഒരു ദിവസം വൈകി വീട്ടിലെത്തിയപ്പോൾ, ‘എന്തുകൊണ്ടാണ് ഇന്ന് വൈകിയത്?’ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഏതോ ആശുപത്രിയിലെ ഒരു ശുചീകരണ തൊഴിലാളി. സ്വന്തം ആശുപത്രിയിലെ ജോലിക്കാരനൊന്നുമായിരുന്നില്ല. അയാളുടെ ശസ്ത്രക്രിയ ഉണ്ടായിരുന്നു. അദ്ദേഹത്തെ നോക്കാൻ ആരുമുണ്ടായിരുന്നില്ല, അതിനാൽ ഞാൻ അദ്ദേഹത്തിന്റെ കൂടെ ഇരുന്നു.’

അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുന്നയാളും നോമ്പും നമസ്കാരവും നഫ്ലുകളും കൃത്യമായി അനുഷ്ഠിക്കുന്നയാളുമായിരുന്നു. എല്ലാ വ്യാഴാഴ്ചയും നോമ്പെടുത്തിരുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ സൽപെരുമാറ്റങ്ങൾ കണ്ടാണ് 1991-ൽ മാതാപിതാക്കൾ ബയ്അത്ത് ചെയ്തത്.’ അദ്ദേഹത്തിന്റെ മാതാവ് പറയാറുണ്ടായിരുന്നു: ‘അഹ്മദികൾ (അല്ലാഹു നമ്മെ കാക്കുമാറാകട്ടെ)റസൂലുല്ലാഹി ﷺനെ അംഗീകരിക്കുന്നില്ലെന്നും മിർസ സാഹിബിനെ മാത്രമാണ് അംഗീകരിക്കുന്നതെന്നും ഞങ്ങൾ വിശ്വസിച്ചിരുന്നു. എനിക്കത് ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, എന്റെ മകൻ തഹജ്ജുദ് നമസ്കരിക്കുന്നവനും നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നവനുമാണെന്ന് കണ്ടപ്പോൾ ഞാൻ ചിന്തിച്ചു. അഹ്മദികൾക്ക് തെറ്റുപറ്റില്ല. അങ്ങനെ അദ്ദേഹത്തിന്റെ സ്വന്തം പ്രവൃത്തി മാതാപിതാക്കൾ ജമാഅത്തിൽ ചേരുന്നതിന് കാരണമായി. അദ്ദേഹം സ്വയം ഗവേഷണം നടത്തി

ബയ്അത്ത് ചെയ്തതുകൊണ്ട് വളരെ കർമനിരതനായൊരു അഹ്മദിയായിരുന്നു. ഖിലാഫത്തിനോടു വലിയ സ്നേഹവും വിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം എപ്പോഴും സ്വയം ഖിലാഫത്തുമായി തന്നെ ബന്ധിപ്പിച്ചു നിറുത്തി. ഏത് പ്രയാസകരമായ സമയത്തും ഖലീഫയ്ക്ക് കത്തെഴുതുകയും മക്കളെ ഉപദേശിക്കുകയും ചെയ്തിരുന്നു. സേവനത്തിന് ഒരു പദവിയും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല, പ്രത്യുത അദ്ദേഹം എനിക്കെഴുതിയത്, 'എവിടെയാണോ അങ്ങ് എന്നെ നിയമിക്കുന്നത്, ഏത് സേവനത്തിനാണോ എന്നെ നിയമിക്കുന്നത് ഞാനതു ചെയ്യാൻ തയ്യാറാണ്.' ഭാര്യയും മൂന്ന് ആൺമക്കളും പേരക്കുട്ടികളും ഉൾപ്പെടുന്നവരാണ് അദ്ദേഹത്തിന്റെ കുടുംബം. അല്ലാഹു അദ്ദേഹത്തോട് പൊറുക്കുകയും കരുണയോടെ പെരുമാറുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സലീമ സാഹിബയുടേതാണ്. കാനഡയിലെ മുറബ്ബി സമീയുള്ള സാഹിദ് സാഹിബിന്റെ ഭാര്യയായിരുന്നു. അവർ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേത മൂസിയ ആയിരുന്നു. ഭർത്താവിനെ കൂടാതെ ഒരു മകളും മൂന്ന് ആൺമക്കളും അവർക്കുണ്ടായിരുന്നു. അവരുടെ ഒരു മകൻ, അത്താഉൽ മുഅ്മിൻ സാഹിദ്, മുറബ്ബിയും യു.കെ.യിലെ ജാമിയ അഹ്മദിയായിലെ അധ്യാപകനുമാണ്.

മുഅ്മിൻ സാഹിദ് സാഹിബിന്റെ പിതാവ് എഴുതി: അദ്ദേഹത്തിന്റെ മാതാവ് 60,70 കുട്ടികളെ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. അവരുടെ മരണശേഷം, ഞാനിപ്പോൾ പറയുന്ന പരേത, ഈ ജോലി അതായത് ഖുർആൻ പഠിപ്പിക്കുന്നത് തുടർന്നു. പല അഹ്‌ലെ ഹദീഥ്, അഹ്‌ലെ സുന്നത്ത് വിഭാഗക്കാരും തങ്ങളുടെ കുട്ടികളെ ഖുർആൻ പഠിപ്പിച്ചത് അവരാണെന്ന് പരസ്യമായി സമ്മതിച്ചിരുന്നു. എഴുതുന്നു: അവർ അനുസരണശീലയും ലളിതമായ സ്വഭാവക്കാരിയും വിശ്വസ്തയും സേവനസന്നദ്ധയുമായിരുന്നു. എപ്പോഴും മറ്റുള്ളവരെ സേവിക്കുകയും ആവശ്യമുള്ളവർക്ക് പ്രാധാന്യം നൽകുകയും ചെയ്യുമായിരുന്നു.'

അവരുടെ മകൻ, അത്താഉൽ മുഅ്മിൻ സാഹിദ് പറയുന്നു: 'സാമ്പത്തിക ബുദ്ധിമുട്ടുകളുള്ളപ്പോഴും, സ്വന്തം കാര്യങ്ങൾക്കായി പണം ചെലവഴിക്കുന്നതിനുപകരം, ആവശ്യമുള്ളവരെ സഹായിക്കുന്നതിനാണ് മുൻഗണന നൽകിയിരുന്നത്. അല്ലാഹു അവരോടു കരുണയോടും ദയാവായ്പോടും കൂടി പെരുമാറട്ടെ.

പേജ് 1 ൽ നിന്ന്

**ദൃഷ്ടാന്തം 117**: ഒരിക്കൽ മലാവമൽ എന്നുപേരുള്ള ഒരു ആര്യസമാജക്കാരന് ക്ഷയരോഗം ബാധിച്ചു. നൈരാശ്യത്തിന്റെ ലക്ഷണങ്ങൾ കൂടിക്കൂടിവന്നു. തന്നെ വിഷമുള്ള ഒരു പാമ്പു കടിച്ചതായി അയാൾ സ്വപ്നം കണ്ടു. തന്റെ ജീവിതത്തിൽ നിരാശനായ അയാൾ എന്റെയടുത്തുവന്നു. സഹായത്തിന് കരഞ്ഞു. ഞാൻ പ്രാർഥിച്ചു. മറുപടി കിട്ടി:"**ഖുൽ യാ നാറു കൂനീ ബർദൻവ്വ സലാമാ** തണുത്തതും സമാധാനമുളളതുമാകാൻ പനിയാകുന്ന തീയോടു നാം പറഞ്ഞു." അയാൾ ഒരാഴ്ചകൊണ്ട് രോഗവിമുക്തനായി. ഇപ്പോഴും ജീവിച്ചിരിക്കുന്നു. നോക്കുക ബറാഹീനെ അഹ്മദിയ്യ പേജ് 227. എന്നാൽ, എനിക്ക് ഉറപ്പുണ്ട്, ഈ സാക്ഷ്യത്തിനും സത്യം ചെയ്യിക്കൽ ആവശ്യമായിവരും.

**ദൃഷ്ടാന്തം 118**: ഒരിക്കൽ ഞാൻ ഗുരുദാസപൂരിലായിരുന്നപ്പോൾ (കറംദീൻ എനിക്കെതിരിൽ ഫയൽ ചെയ്ത ക്രിമിനൽ കേസുമായി ബന്ധപ്പെട്ടതാണിത്)ഇപ്രകാരം വെളിപാടുണ്ടായി, **യസ്അലൂനക്ക് അൻ ശാനിക്ക. ഖുലില്ലാഹി. ഥുമ്മ ദർഹും ഫീ ഖൗളിഹിം യൽഅബൂൻ**

അതിന്റെ അർഥം നിന്റെ സ്ഥാനത്തെപ്പറ്റി അവർ ചോദിക്കുന്നതായിരിക്കും. എന്താണ് നിന്റെ സ്ഥാനം, നിന്റെ പദവി. പറയുക, ആ ദൈവംതന്നെയാണ് എനിക്ക് ഈ പദവി ദാനം നല്കിയിട്ടുള്ളത്. പിന്നീട് അവരെ തങ്ങളുടെ കളിവിനോദങ്ങളിൽ വിട്ടേക്കുക. ഈ വെളിപാട് അപ്പോൾ എന്റെകൂടെ ഗുരുദാസ്പൂരിലുണ്ടായിരുന്ന ജമാഅത്തിനെ അറിയിച്ചു. അവർ നാൽപ്പതു പേരിൽ കുറയില്ല. അവരിൽ മൗലവി മുഹമ്മദലിയും ഖ്വാജ കമാലുദ്ദീൻ ബി.എ പ്ലീഡറുമുണ്ടായിരുന്നു. പിന്നീട് അദ്ദേഹം കോടതിയിൽ പോയപ്പോൾ അന്യായക്കാരനെ പ്രതിനിധാനം ചെയ്ത നിയമജ്ഞൻ എന്നോടു അതേ ചോദ്യം ചോദിച്ചു. അതായത് താങ്കളുടെ പദവിയും തിർയാഖുൽഖലൂബ് എന്ന ഗ്രന്ഥത്തിൽ വിവരിച്ചതു തന്നെയാണോ? ഞാൻ പറഞ്ഞു: അതേ. ദൈവാനുഗ്രഹത്താൽ ഇതുതന്നെയാണ് എന്റെ സ്ഥാനം. അവൻതന്നെയാണ് എനിക്ക് ഈ സ്ഥാനം നല്കിയത്. ഇതോടെ എനിക്കു പ്രഭാതത്തിൽ ലഭിച്ച വെളിപാട് അസ്വ്ർ നമസ്കാരത്തോടടുത്ത് പുലർന്നു. അതു നമ്മുടെ ജമാഅത്തിലെ എല്ലാവരുടേയും വിശ്വാസവർധനയ്ക്ക് കാരണമായി. *(ഹഖീഖത്തുൽവഹി, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 275)*

പേജ് 12 ൽ നിന്ന്

രങ്ങളിലൂടെയല്ലാതെ അവർക്ക് മറച്ചുവെക്കാൻ കഴിയില്ല. ഇവർ നീചമായതും തരംതാണതുമായ ആയുധങ്ങൾ ഉപയോഗിക്കുന്നു. കാരണം അവരുടെ പക്കൽ ഒരുവിധ തെളിവുമില്ല; ഒരുവിധ മറുപടിയുമില്ല. അതുകൊണ്ട് ഈയാളുകൾ ശകാരിക്കാൻ മാത്രമാണ് ആഗ്രഹിക്കുന്നത്."

അവിടന്ന് പറയുന്നു: "കുഫ്റിന്റെ ഫത്‌വകൾ പുറപ്പെടുവിച്ചുകൊള്ളട്ടെ, കള്ളക്കേസുകൾ ഉണ്ടാക്കിക്കൊള്ളട്ടെ, പലതരം അപവാദങ്ങളും ആരോപണങ്ങളും ഉന്നയിച്ചുകൊള്ളട്ടെ, അവർ അവരുടെ സകല ശക്തികളും ഉപയോഗിച്ച് എന്നെ നേരിടട്ടെ, അന്തിമവിധി ആർക്കനുകൂലമായിരിക്കുമെന്ന് അവർക്ക് കാണാം. നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്തുകൊള്ളുക. എന്നാൽ, അല്ലാഹു എന്നോടൊപ്പമുണ്ട്. അന്തിമവിധി ആരുടെ പക്ഷത്താണെന്ന് അപ്പോൾ കാണാം."

അവിടന്ന് പറഞ്ഞു: "ഞാനവരുടെ ശകാരങ്ങൾ കാര്യമായെടുക്കുകയാണെങ്കിൽ, അല്ലാഹു എന്നെ ഏൽപ്പിച്ച യഥാർഥജോലി മുടങ്ങിപ്പോകുന്നതാണ്. അതുകൊണ്ട്, ഞാനവരുടെ ചീത്തവിളികൾ കാര്യമാക്കാത്തതുപോലെ, ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്; അവരുടെ ചീത്തവിളികൾ കേട്ട് സഹിക്കുന്നതാണ് ഉചിതം. ഒരു കാരണവശാലും ചീത്തവിളികൾക്ക് ചീത്തവിളികൾകൊണ്ട് മറുപടി നൽകരുത്.

കാരണം അങ്ങനെ ചെയ്താൽ ബറക്കത്ത് അഥവാ അനുഗ്രഹമില്ലാതാകും. അവർ ക്ഷമയുടെയും സഹനത്തിന്റെയും മാതൃക കാണിക്കട്ടെ. അവരുടെ സ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കട്ടെ. തീർച്ചയായും ഓർക്കുക, ബുദ്ധിയും വികാരങ്ങളും തമ്മിൽ അപകടകരമായ ശത്രുതയുണ്ട്. വികാരങ്ങളും ദ്വേഷവും വരുമ്പോൾ ബുദ്ധിക്ക് നിലനിൽക്കാൻ കഴിയില്ല. എന്നാൽ, ക്ഷമിക്കുന്നവനും സഹനത്തിന്റെ മാതൃക കാണിക്കുന്നവനും ഒരു പ്രകാശം നൽകപ്പെടുന്നുണ്ട്. അതുവഴി അവന്റെ ബുദ്ധിയുടെയും ചിന്തയുടെയും ശക്തികളിൽ ഒരു പുതിയ പ്രകാശം ഉദയംചെയ്യുന്നു. ആ പ്രകാശത്തിൽനിന്ന് വീണ്ടും പ്രകാശമുണ്ടാകുന്നു. ദ്വേഷത്തിന്റെയും വികാരങ്ങളുടെയും അവസ്ഥയിൽ ഹൃദയവും തലച്ചോറും ഇരുണ്ടുപോകുന്നതുകൊണ്ട് ഇരുട്ടിൽനിന്ന് ഇരുട്ട് മാത്രമേ ഉണ്ടാകൂ."*(മൽഫൂദാത്ത് വാല്യം 3, പേജ് 180, 1984 പതിപ്പ്)*

ഈ പാഠം നമ്മളെപ്പോഴും ഓർത്തിരിക്കേണ്ടതാണ്. സ്വയം പ്രഖ്യാപിത പണ്ഡിതന്മാരായി സാമൂഹിക മാധ്യമങ്ങളിൽ മറുപടി നൽകുന്ന ചിലയാളുകളുണ്ട്. അനഹ്മദികളായ മുല്ലാ വർഗത്തിന്റെ ആരോപണങ്ങൾക്ക് ഇവർ മറുപടി നൽകാൻ തുടങ്ങുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽനിന്ന് അവർ വിട്ടുനിൽക്കേണ്ടതാണ്. യഥാർഥത്തിൽ മറുപടി കണ്ടെത്തേണ്ടതുണ്ടെങ്കിൽ, ജമാഅത്തിന്റെ സാഹിത്യങ്ങളെക്കുറിച്ച് ആഴത്തിൽ അറിവുള്ള ജമാഅത്തിലെ പണ്ഡിതന്മാരുമായി ബന്ധപ്പെടുക. അവരോടു ചോദിച്ച് മനസ്സിലാക്കുക. അത്തരം മറുപടികൾ ശക്തവും, അവരുടെ വാദങ്ങളെയും ആരോപണങ്ങളെയും ഖണ്ഡിക്കുന്നതുമായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ അധ്യാപനങ്ങൾ, യഥാർഥത്തിൽ ശരിയായ ഇസ്‌ലാമിക അധ്യാപനങ്ങളാണ്. അതനുസരിച്ച് പ്രവർ

• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ത്തിക്കുക. അല്ലാത്തപക്ഷം, നിങ്ങൾ ജമാഅത്തിലായിരുന്നിട്ടും ജമാഅത്തിനെ അപകീർത്തിപ്പെടുത്തുന്നവരായി മാറും. ദുഷ്ടന്മാരുടെ തിന്മകളിൽനിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. ദുരഭിമാനം കാണിക്കുന്നവർക്കും, ചിലപ്പോൾ അനാവശ്യമായി ചില വാക്കുകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കും അല്ലാഹു വിവേകം നൽകുമാറാകട്ടെ.

സാമൂഹിക മാധ്യമങ്ങളിൽ മറുപടികൾ നൽകുന്നതിനുപകരം, അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. തങ്ങളുടെ നമസ്കാരങ്ങൾ ഭംഗിയായി നിറവേറ്റുക. അല്ലാഹുവിന്റെ ആത്മാഭിമാനം പെട്ടെന്ന് ആവേശംകൊള്ളുംവിധമുള്ള വേദന നമ്മുടെ സുജൂദുകളിലുണ്ടാക്കുക. ഇതുമുഖേന ഏതൊരു മറുപടികൊണ്ട് ഈയാളുകൾ-എതിരാളികൾ-ഫലങ്ങൾ കരസ്ഥമാക്കാനാഗ്രഹിക്കുന്നുവോ നമുക്ക് അതിവേഗം അതിനെക്കാളുന്നതമായ ഫലങ്ങൾ കരസ്ഥമാക്കാൻ കഴിയുന്നതാണ്. അതുകൊണ്ട്, അനാവശ്യമായി ശത്രുക്കൾക്ക്, 'അഹ്മദി ഇതു പറഞ്ഞു, അതു പറഞ്ഞു' എന്ന് പറയാൻ അവസരം നൽകാതിരിക്കാൻ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സ്വഭാവം വളരെ ഉന്നതവും ശ്രേഷ്ഠവുമായിരിക്കണം. ആരുടെ സ്വഭാവം ഉന്നതമല്ലയോ, അവർ ഹദ്റത്ത് മസീഹ് മൗഊദ്ﷺന് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റാത്തവരാണ്.

അതുകൊണ്ട് നമ്മൾ സ്വയം പരിശോധിക്കേണ്ടതാണ്. ഓരോരുത്തരും അവരവരെത്തന്നെ പരിശോധിക്കുക. തെറ്റായതരത്തിലുള്ള മറുപടികൾ നല്കുന്നതിനുപകരം ദുആകളിലേക്ക് കൂടുതൽ ശ്രദ്ധിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖു നൽകുമാറാകട്ടെ. എതിരാളികളുടെ ശർറുകൾ അവരിൽത്തന്നെ മറിച്ചിടുകയും അതിൽനിന്ന് നമ്മെ കാത്തുരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.' *(അൽഫദ്ൽ ഇന്റർനാഷണൽ 2025 ജൂൺ 27 പേജ് 2-3)*

## പാപത്തിന്റേയും തൗബയുടേയും യാഥാർഥ്യം:

അല്ലാഹു പാപം സൃഷ്ടിക്കുന്നുവെന്നും പിന്നീട് ആയിരക്കണക്കിന് വർഷത്തിനുശേഷം പാപം പൊറുത്തു കൊടുക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുന്നുവെന്നതുമല്ല യാഥാർഥ്യം. ഈച്ചയുടെ രണ്ടു ചിറകുപോലെയാണത്! ഒന്നിൽ രോഗശമനവും മറ്റതിൽ വിഷവും. ഇപ്രകാരം മനുഷ്യന് രണ്ടു ചിറകുണ്ട്; ഒന്നു പാപത്തിന്റേത്. രണ്ടാമത്തേത് ലജ്ജ, തൗബ അഥവാ മാനസാന്തരം, പ്രയാസം തുടങ്ങിയവയുടേത്. ഒരാൾ അടിമയെ കഠിനമായി മർദിച്ചാൽ പിന്നീട് അയാൾ പശ്ചാത്തപിക്കുന്നുവെന്നത് സർവസാധാരണമാണ്; ഒന്നിനൊന്നായി ഇരു ചിറകും പ്രവർത്തിക്കുന്നതുപോലെ! വിഷത്തിനോടൊപ്പം ഔഷധമുണ്ട്. വിഷം എന്തിന് സൃഷ്ടിക്കപ്പെട്ടു എന്നതാണ് ചോദ്യം. അതിനുള്ള മറുപടി വിഷംതന്നെയാണെങ്കിലും ചേരുവചേർക്കുമ്പോൾ അത് ഔഷധമായിത്തീരുന്നു എന്നതാണ്. പാപം ഉണ്ടായിരുന്നില്ലെങ്കിൽ അഹങ്കാരത്തിന്റെ വിഷം മനുഷ്യനിൽ വർധിക്കുകയും നശിക്കുകയും ചെയ്യുമായിരുന്നു. തൗബ അതിനെ പ്രതിരോധിക്കുന്നു. അഹങ്കാരം പൊങ്ങച്ചം തുടങ്ങിയ ആപത്തുകളിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്നത് പാപമാണ്. നിഷ്കളങ്കനായ നബി 70 പ്രാവശ്യം പൊറുക്കലിനെ തേടുമ്പോൾ നമ്മൾ എത്രപ്രാവശ്യം തേടേണ്ടതാണ്? പാപത്തെ ഇഷ്ടപ്പെടുന്നവൻ അതിൽനിന്ന് പശ്ചാത്താപിച്ചു മടങ്ങുകയില്ല. പാപം പാപമാണെന്ന് അറയുന്നവൻ  അവസാനം അത് കൈയൊഴിയുന്നതാണ്.

മനുഷ്യൻ ആവർത്തിച്ചാവർത്തിച്ച് കരഞ്ഞു കരഞ്ഞ് അല്ലാഹുവിനോടു പൊറുക്കൽ തേടുമ്പോൾ 'നിനക്കു ഞാൻ പൊറുത്തുതന്നിരിക്കുന്നു'വെന്നും 'ഇനി നിനക്ക് ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക' എന്നും അല്ലാഹു പറയുമെന്ന്' ഹദീഥിൽ വന്നിരിക്കുന്നു. അതിന്റെ അർഥം അവന്റെ ഹൃദയത്തെ മാറ്റിയിരിക്കുന്നുവെന്നാണ്. ഇപ്പോൾ പാപം അവന് സ്വാഭാവികമായിത്തന്നെ മനസ്സിലാകും. ആട് മാലിന്യം തിന്നുന്നതുകണ്ടിട്ട് തനിക്കും തിന്നണമെന്ന ആഗ്രഹം ആർക്കും ഉണ്ടാകാത്തുപോലെ അല്ലാഹു പൊറുത്തുകൊടുത്ത മനുഷ്യനും പാപം ചെയ്യുകയില്ല. മുസ്‌ലിമീങ്ങൾക്ക് പന്നിയിറച്ചിയോടു സ്വാഭാവികമായിത്തന്നെ വെറുപ്പാണ്. വാസ്തവത്തിൽ നിഷിദ്ധവും വിരോധിക്കപ്പെട്ടതുമായ ആയിരക്കണക്കിന് പ്രവൃത്തികൾ അവർ ചെയ്യുന്നുണ്ട്. ഇതിലുള്ള യുക്തി വെറുപ്പിനുള്ള ഒരു മാതൃക നല്കിയിരിക്കുന്നു എന്നതാ ണ്. ഇപ്രകാരം മനുഷ്യൻ പാപത്തെ വെറുക്കണമെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു.

### ദുആ ഔഷധമാണ്

പാപം ചെയ്യുന്നവൻ തന്റെ പാപങ്ങളുടെ കൂമ്പാരങ്ങൾ വിചാരിച്ച് ദുആ ചെയ്യാതിരിക്കാൻ പാടില്ല. ദുആ ഔഷധമാണ്. ദുആ മുഖേന പാപം തനിക്ക് എത്രമാത്രം മോശമായിത്തീർന്നുവെന്ന് അവസാനം കാണുന്നതായിരിക്കും. പാപത്തിൽ മുങ്ങിത്താണ് ദുആ സ്വീകാര്യതയിൽ നിരാശരായിരിക്കുകയും പശ്ചാത്തപിച്ചു മടങ്ങാതിരിക്കുകയും ചെയ്യുന്നവർ അവസാനം പ്രവാചകന്മാരേയും അവരുടെ അധ്യാപനങ്ങളേയും നിഷേധിക്കുന്നവരായിത്തീരുന്നു.

### തൗബ ബയ്അത്തിന്റെ ഭാഗമാണ്

(മുകളിൽ പറഞ്ഞതാണ്)തൗബയുടെ യാഥാർഥ്യം. ഇത് ബയ്അത്തിന്റെ ഭാഗമാകുന്നത് എന്തുകൊണ്ട്? കാര്യമെന്താണെന്നുവച്ചാൽ മനുഷ്യൻ അശ്രദ്ധയിൽ കിടക്കുകയാണ്. മാറ്റാനുള്ള ശക്തി പ്രദാനം ചെയ്തിട്ടുള്ള കൈയിൽ അവൻ ബയ്അത്തു ചെയ്യുമ്പോൾ മരത്തിൽ വേറൊരു ശാഖ ഒട്ടിക്കുമ്പോൾ പിടിപ്പിക്കുന്ന ശാഖയുടെ പ്രത്യേകത മാറുന്നതുപോലെ ആ മാറ്റപ്പെട്ട മനുഷ്യനിലുള്ള ഉദാരതകളും പ്രകാശങ്ങളും ബയ്അത്തു ചെയ്യുന്നവനിലും ഉണ്ടാകാൻ തുടങ്ങുന്നു;ആ വ്യക്തിയുമായി സത്യസന്ധമായ ബന്ധമുണ്ടാകണമെന്നതാണ് നിബന്ധന. ഉണങ്ങിയ ശാഖപോലെ ആകാൻ പാടില്ല. മരത്തിന്റെ ശാഖയായി ഒട്ടിപിടിക്കണം. എത്രത്തോളം ഈ ബന്ധമുണ്ടാകുമോ അത്രത്തോളം ഫലമുണ്ടാകുന്നതായിരിക്കും.'*(മൽഫൂദാത്ത് വാല്യം 1 പേജ് 2-3)*

### 130-ാമത് ഖാദിയാൻ ജൽസസാലാന

**2025 ഡിസംബർ 26, 27, 28(വെള്ളി, ശനി, ഞായർ)തിയതികളിൽ**

**ഖാദിയാൻ ദാറുൽഅമാനിൽ**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 130-ാമത് ഖാദിയാൻ ജൽസസാലാന 2025 ഡിസംബർ 26, 27, 28(വെള്ളി, ശനി, ഞായർ) തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്തുവെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. *ജസാക്കുമുല്ലാഹു അഹ്സനൽ ജസാഉ. (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)*

ഹദീഥുന്നബവിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

## നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ എം.ബി.ബി.എസ്സ് ഡോക്ടറുടെ ഒഴിവ്

### അറിയേണ്ട കാര്യങ്ങൾ

(1) ഉദ്യോഗാർഥി റൊട്ടേറ്ററി ഇന്റർഷിപ്പോടുകൂടി എം.ബി.ബി.എസ്സ് ഡിഗ്രി പൂർത്തിയാക്കി കഴിഞ്ഞിരിക്കണം.
(2) ഏതെങ്കിലും സംസ്ഥാനത്തെ മെഡിക്കൽ കൗൺസിലിൽ റെജിസ്ട്രേഷനുള്ള യാളായിരിക്കണം.
(3) പ്രശസ്തമായ ഏതെങ്കിലും ആശുപത്രിയിൽനിന്ന് കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തനപരിചയമുണ്ടായിരിക്കണം.
(4) വയസ്സ് 30-ൽ അധികമാകാൻ പാടില്ല.(അവസ്ഥകൾ പരിഗണിച്ച് ഇതിൽ ഭേദഗതി വരുത്താവുന്നതാണ്).
(5) ഗ്രേഡ് 41020-884-33948-734-24540-561-20052 നിയമങ്ങളനുസരിച്ച് പ്രത്യേകാനുകൂല്യത്തോടുകൂടി.
(6) ഉദ്യോഗാർഥി ആരോഗ്യവാനായിരിക്കണം. മതപരമായ സ്വഭാവാവസ്ഥകൾ നല്ലതായിരിക്കണം. സംസ്കാരസമ്പന്നനായിരിക്കണം. രോഗികളോടും കൂടെ ജോലിചെയ്യുന്നരോടും സഹിഷ്ണതയോടെ പെരുമാറുന്ന ആളായിരിക്കണം. പുരുഷന്മാർക്ക് മുൻഗണന നല്കുന്നതായിരിക്കും.

**പാലിക്കേണ്ട നിർദേശങ്ങൾ:**

(1) ബദ്ർ ആഴ്ചപതിപ്പിൽ പ്രസിദ്ധപ്പെടുത്തുന്ന അവസാന പരസ്യത്തിനു ശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.
(2) താൽപര്യമുള്ളവർ തങ്ങളുടെ അപേക്ഷകൾ അച്ചടിച്ചഫോറത്തിൽ പൂരിപ്പിച്ച് ജില്ല അമീർ/തദ്ദേശ അമീർ/ജമാഅത്ത് സ്വദ്ർ/മുബല്ലിഗ് ഇൻചാർജ് എന്നിവരുടെ സത്യപ്പെടുത്തുന്ന ഒപ്പോടും സീലോടും കൂടി അയക്കുക.
(3) ഇന്റർവ്യൂയിൽ വിജയിക്കുകയാണെങ്കിൽ ഉദ്യേഗാർഥി നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാകേണ്ടതാണ്. നൂർ ഹോസ്പിറ്റലിലെ പരിശോധനാ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ആരോഗ്യവാനായ ആളെയായിരിക്കും തിരഞ്ഞെടുക്കുക.
(4) ഖാദിയാനിൽ വരുന്നതിനുള്ള യാത്രാചെലവുകളും മെഡിക്കൽ സർട്ടിഫിക്കേറ്റും ഉദ്യോഗാർഥിയുടെ സ്വന്തം ചുമതലയിലായിരിക്കും.
(5) ഇന്റർവ്യൂവിന്റെ നേരത്ത് ഉദ്യോഗാർഥി തന്റെ അസ്സൽ സർട്ടിഫിക്കേറ്റുകൾ ഹാജരാക്കേണ്ടതാ ണ്.

**നോട്ട്:** ഇന്റർ വ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.

കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN
GURUDASPUR, PUNJAB PIN:143516
MOB:96826 27592, 98882 32530, 9682587713 OFF:01872 501130
Email :diwan @qadian.in
waqfenaw@qadian.in

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)
www.akhbarbadr.in/Malayalam/

### • ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

### • ഹദീഥുന്നബ്വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**
**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

## ഖാദിയാൻ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം! അഹ്മദി വിദ്യാർഥികൾ ശ്രദ്ധിക്കുക!

ഹദ്റത്ത് മസീഹ് മൗഊദ്ﷺസ്ഥാപിച്ച പരിശുദ്ധ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ. ഇവിടെനിന്ന് ഇതുവരെ നൂറുക്കണക്കിന് ഉലമായും മുബല്ലിഗുമാരും പഠനം പൂർത്തിയാക്കി ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ ലോകത്തിന്റെ കോണുകൾവരെ എത്തിക്കുന്നതിനുള്ള നിർബന്ധ കടമകൾ നിർവഹിച്ചുകൊണ്ടുവരുന്നു. സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായും പല അവസരങ്ങളിലും അഹ്മദി വിദ്യാർഥികളെ ഹദ്റത്ത് മസീഹ് മൗഊദ്ﷺ സ്ഥാപിച്ച പരിശുദ്ധ സ്ഥാപനമായ ജാമിഅ അഹ്മദിയ്യ ഖാദിയാനിൽനിന്ന് പഠിച്ച് ജമാഅത്തിനുവേണ്ടി സേവനം ചെയ്യാൻ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതിനാൽ ഹദ്റത്ത് സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖ്ഫീനെനൗവും വാഖ്ഫീനെനൗ അല്ലാത്തവരുമായ വിദ്യാർഥികൾ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ച് മതപരമായ വിദ്യാഭ്യാസം കരസ്ഥമാക്കി ജമാഅത്തിന്റെ സേവനത്തിന് ആത്മസമർപണം ചെയ്യേണ്ടതാണ്. അതിനാൽ ജാമിഅയിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർഥികൾ, ഭാരത് വഖ്ഫെ നൗ വകുപ്പുമായോ നല്വാറത്ത് തഅ്ലീമുമായോ ബന്ധപ്പെടുക. ജാമിഅ അഹ്മദിയ്യ പ്രവേശനഫാറം വാങ്ങി പൂരിപ്പിച്ച് ജൂൺ 30-ാം തിയതിക്കുള്ളിൽ വഖ്ഫെനൗ ഭാരത് ഓഫിസിലേക്ക്(നല്വാറത്ത് തഅ്ലീം)അയക്കുക.

**പ്രവേശനത്തിനുള്ള നിബന്ധനകൾ:**

1. എസ്സ്. എസ്സ്. എൽ. സി പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 17 വയസ്സ്. +1 പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 19 വയസ്സ്. പ്രായപരിധിയിൽ ഹാഫിളുമാർക്ക് ഇളവു നല്കുന്നതായിരിക്കും.
2. ജാമിഅ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിന് നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർഥികളുടെ ഇന്റർവ്യൂവും എഴുത്തുപരീക്ഷയും നടത്തിയായിരിക്കും വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്. എഴുത്തു പരീക്ഷയിൽ വിശുദ്ധ ഖുർആൻ, ഇസ്ലാം, അഹ്മദിയ്യത്ത്, മതപരമായ വിജ്ഞാനങ്ങൾ, ഉർദു, ഇംഗ്ലീഷ്, പൊതുവിജ്ഞാനം തുടങ്ങിയവ അടിസ്ഥാനമാക്കി ചോദ്യങ്ങളുണ്ടായിരിക്കും.
3. എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസാകുന്ന വിദ്യാർഥികൾ നൂർ ഹോസ്പിറ്റൽ ഖാദിയാനിൽനിന്ന് മെഡിക്കൽ ടെസ്റ്റ് നടത്തേണ്ടതാണ്. എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ നടത്തുന്ന മെഡിക്കൽ ടെസ്റ്റിലും പാസാകുന്ന വിദ്യാർഥികൾക്ക് സയ്യിദുനാ ഹുദൂർ അൻവറിന്റെ അനുമതിയോടെ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും.
4. ഗ്രാജുവേഷൻ പാസായിട്ടുള്ള വിദ്യാർഥികൾക്ക് ജാമിഅ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിന് മുൻഗണന നല്കുന്നതായിരിക്കും. പ്രവേശന ഫാറം മെയിലിൽ ലഭ്യമാകുന്നതിനുള്ള മേൽവിലാസം:

waqfenaw@qadian.in
WAQF-E-NAU DEPARTMENT (NAZARAT TALEEM)
Darul Balaqh,CIVIL LINE, QADIAN
DISTRICT: GURUDASPUR, PUNJAB (INDIA) PIN:143 516
CONTACT: 01872-500975, 9988991775
(സ്വദ്ർ നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## ഉപസംഘടനകളുടെ വാർഷികസമ്മേളനങ്ങൾ 2025

സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് ഈ വർഷം മൂന്നു അതായത് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്, മജ്ലിസ് അൻസ്വാറുല്ലാഹ് ഭാരത്, മജ്ലിസ് ലജ്ന ഇമാഇല്ലാഹ് ഭാരത് ഖാദിയാൻ എന്നീ ഉപസംഘടനകളുടെ വാർഷിക ഇജ്തിമാ 2025 ഒക്ടോബർ 24, 25, 26 (വെള്ളി, ശനി, ഞായർ) തിയതികളിൽ ഖാദിയാൻ ദാറുൽഅമാനിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ഇതനുസരിച്ച് ദുആകളോടുകൂടി സഹോദരിസഹോദരന്മാർ ഇജ്തിമായിൽ പങ്കെടുക്കാൻ എല്ലാ വിധത്തിലും ശ്രമിക്കുക.

**(സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്)**

### • ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 17 July 2025 Issue-29

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്ബ ജുമുഅ

**സാമൂഹിക മാധ്യമങ്ങളിൽ മറുപടികൾ നൽകുന്നതിനുപകരം, അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. തങ്ങളുടെ നമസ്കാരങ്ങൾ ഭംഗിയായി നിർവേറ്റുക. അല്ലാഹുവിന്റെ ആത്മാഭിമാനം പെട്ടെന്ന് ആവേശംകൊള്ളുംവിധമുള്ള വേദന നമ്മുടെ സുജൂദുകളിലുണ്ടാക്കുക. ഇതുമുഖേന ഏതൊരു മറുപടികൊണ്ട് ഈയാളുകൾ-എതിരാളികൾ-ഫലങ്ങൾ കരസ്ഥമാക്കാനാഗ്രഹിക്കുന്നുവോ നമുക്ക് അതിവേഗം അതിനെക്കാളുന്നതമായ ഫലങ്ങൾ കരസ്ഥമാക്കാൻ കഴിയുന്നതാണ്.**

**മോശമായ ഭാഷ ഉപയോഗിക്കുക അല്ലെങ്കിൽ  അറിയാതെയാണെങ്കിൽപ്പോലും ആരുടെയെങ്കിലും അഭിമാനത്തിന് കോട്ടംതട്ടുന്ന വാക്കുകൾ നമ്മുടെ നാവിൽനിന്ന് പുറത്തുവരുന്ന രീതിയിൽ പ്രതികരിക്കുക എന്നത് നമ്മുടെ പ്രവൃത്തിയല്ല.  ഇത് മുതലെടുത്ത് എതിരാളികൾ നഊദുബില്ലാഹ് നമ്മൾ നബിﷺതിരുമേനിയേയും സ്വഹാബക്കളേയുംرضي الله عنه നിന്ദിക്കുന്നവരാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു.**

**നമ്മുടെ സർവ്വസ്വവും നബിﷺതിരുമേനിയിൽ ബലിയാണ്. ആ മഹാത്മാവ് തന്നെയാണ് ഖാത്തമുൽ അമ്പിയാഅ്. അദ്ദേഹം അല്ലാഹുവിന് പ്രിയപ്പെട്ടവനും അവസാന നബിയുമാണ്. ആ മഹാത്മാവിന്റെ സഖാക്കളേയും സ്വഹാബാക്കളേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامഎണ്ണമറ്റ സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള വാക്യങ്ങളും കാര്യങ്ങളും നമ്മുടെ എതിരാളികളുടെ വിചാരങ്ങൾക്കതീതമാണ്.**

**ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്; അവരുടെ ചീത്തവിളികൾ കേട്ട് സഹിക്കുന്നതാണ് ഉചിതം. ഒരു കാരണവശാലും ചീത്തവിളികൾക്ക് ചീത്തവിളികൾകൊണ്ട് മറുപടി നൽകരുത്.(ഹദ്റത്ത് മസീഹ് മൗഊദ്عليه السلام)**

**സോഷ്യൽമീഡിയ ശരിയായ നിലയിൽ ഉപയോഗിക്കുന്നതിനെപ്പറ്റി സുവർണമായ ഉപദേശങ്ങൾ.**

**ഖുത്ബ ജുമുഅ 2025 ജൂൺ 6, 1404 ഇഹ്സാൻ 6, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇക്കാലത്ത് സോഷ്യൽ മീഡിയ പ്രയോജനപ്പെടുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നതുപോലെ ബുദ്ധമുട്ടുണ്ടാക്കുന്ന ചില കാര്യങ്ങളും ഉണ്ടാകുന്നുണ്ട്. ഇത് മുതലെടുത്തുകൊണ്ട് അഹ്മദിയ്യ ജമാഅത്തിന്റെ ശത്രുക്കൾ അങ്ങേയറ്റം നീചമായ കാര്യങ്ങൾ ജമാഅത്തിന്നെതിരിൽ ഇന്ന് ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ വാഗ്ദത്ത മസീഹിന്നെതിരെعليه السلامകളവുകളും മ്ലേച്ഛമായ വാക്കുകളും ഉപയോഗിക്കുന്നു. അത് കേൾക്കുമ്പോൾ ഒരു അഹ്മദിയുടെ ഹൃദയം പൊട്ടിപ്പിളരുന്നു. ഇതിനോടുള്ള പ്രതികരണമായി ചില അഹ്മദികളും തെറ്റായ രീതിയിൽ മറുപടി നൽകാറുണ്ട്. അവരുടെ ഉദ്ദേശ്യശുദ്ധി ശരിയാണെങ്കിൽപ്പോലും, ചിലപ്പോൾ തെറ്റായി വ്യാഖ്യാനിക്കപ്പെടാവുന്ന വാക്കുകൾ അവരിൽനിന്ന് പുറത്തു വരുന്നു. ഇത് നമ്മുടെ രീതിയല്ല. അഹ്മദികൾ ഇതിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്.

മോശമായ ഭാഷ ഉപയോഗിക്കുക അല്ലെങ്കിൽ അറിയാതെയാണെങ്കിൽപ്പോലും ആരുടെയെങ്കിലും അഭിമാനത്തിന് കോട്ടംതട്ടുന്ന വാക്കുകൾ നമ്മുടെ നാവിൽനിന്ന് പുറത്തുവരുന്ന രീതിയിൽ പ്രതികരിക്കുക എന്നത്  നമ്മുടെ പ്രവൃത്തിയല്ല.  ഇത് മുതലെടുത്ത് എതിരാളികൾ നഊദുബില്ലാഹ് നമ്മൾ നബിﷺ തിരുമേനിയേയും സ്വഹാബക്കളേയുംرضي الله عنهനിന്ദിക്കുന്നവരാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, യാഥാർഥ്യമെന്തെന്നാൽ, നമ്മുടെ ഹൃദയങ്ങളിൽ നബിﷺതിരുമേനിക്കും സ്വഹാബിമാർക്കുമുള്ള സ്ഥാനത്തിന്റെ കോടിയിലൊരംശംപോലും മനസ്സിലാക്കാനുള്ള കഴിവും ഗ്രാഹ്യവും ഈ ആളുകൾക്കില്ല.

നമ്മുടെ സർവ്വസ്വവും നബിﷺതിരുമേനിയിൽ ബലിയാണ്. ആ മഹാത്മാവ് തന്നെയാണ് ഖാത്തമുൽ അമ്പിയാഅ്. അദ്ദേഹം അല്ലാഹുവിന് പ്രിയപ്പെട്ടവനും അവസാന നബിയുമാണ്. ആ മഹാത്മാവിന്റെ സഖാക്കളേയും സ്വഹാബാക്കളേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامഎണ്ണമറ്റ സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള വാക്യങ്ങളും കാര്യങ്ങളും നമ്മുടെ എതിരാളികളുടെ വിചാരങ്ങൾക്കതീതമാണ്.

തീർച്ചയായും, നമ്മുടെ ഹൃദയങ്ങളിൽ പ്രവാചകൻ മുഹമ്മദു നബിയുടെﷺസ്ഥാനം അതുല്യമാണ്. അതിനപ്പുറം മറ്റൊന്നിനുമെത്താൻ കഴിയില്ല. അവിടത്തെ സ്വഹാബികൾക്കും നമ്മുടെ ഹൃദയങ്ങളിൽ വലിയ സ്ഥാനമുണ്ട്. ഇക്കാര്യം എല്ലാ അഹ്മദികളും ഓർത്തിരിക്കേണ്ടതാണ്. തെറ്റുധാരണകൾ ഉണ്ടാക്കുന്നതോ അല്ലെങ്കിൽ തെറ്റുധാരണകൾ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ സംസാരങ്ങളിൽ നിന്ന് എല്ലാ അഹ്മദികളും ഒഴിഞ്ഞുനിൽക്കേണ്ടതാണ്. ചില അഹ്മദികൾ വിചാരിക്കുന്നത്, ഇത്തരം മറുപടികൾ നൽകുന്നതിലൂടെ തങ്ങൾ വലിയ അഭിമാനം പ്രകടിപ്പിച്ചുവെന്നാണ്. അവരോടു ചോദിക്കുമ്പോൾ ഇതാണ് അവരുടെ മറുപടി. എന്നാൽ, ഈ പൊള്ളയായ അഭിമാന പ്രകടനം വെറും അജ്ഞതയാണ്. ഒരു അഹ്മദിയായിട്ടുപോലും ദ്വയാർഥപരമായ വാക്കുകളാരെങ്കിലും പറഞ്ഞാൽ  അത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനെയും ജമാഅത്തിനെയും അപകീർത്തിപ്പെടുത്തുന്നതിന് തുല്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു:

“നിങ്ങൾ ക്ഷമ കൈക്കൊള്ളുകയാണ് വേണ്ടത്. എപ്പോഴും ക്ഷമ കാണിക്കുക.” മറ്റൊരു സ്ഥലത്ത് അവിടന്ന് പറഞ്ഞു: “ഇവർ എന്നെ ശകാരിക്കുന്നു. എന്നാൽ, ഞാനവരുടെ ശകാരങ്ങൾ കാര്യമാക്കുന്നില്ല. അതിൽ ദുഃഖിക്കുന്നുമില്ല. കാരണം, അവരുടെ  ഈ അവസ്ഥ ദൗർബല്യമാണ് പ്രകടിപ്പിക്കുന്നത്. അവരുടെ ദൗർബല്യതയും ദയനീയതയും ശകാ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin